# ദി ഡിഫെൻഡർ

Vol. No. 9 Issue No. 12 RNI Reg. No. 68089 / 97 Published From Perumbavoor 2006 JUNE 16 Price: Rs.100/- P.A.

## സൈബർ കേസ്സ്: വാദം പൂർത്തിയായി

കോളിളക്കം സൃഷ്ടിച്ച സൈബർ കേസ്സിന്റെ വിചാരണയും വാദവും പത്തനംതിട്ട സി.ജെ.എം. കോടതിയിൽ പൂർത്തിയായി. ജൂൺ 15 ആണ് അടുത്ത അവധി. (ജൂൺ 16ന് ഡിഫെൻഡർ പോസ്റ്റ് ചെയ്യേണ്ടതിനാൽ ജൂൺ 14ന് പത്രം അടിക്കുകയാണ്).

ടി.എസ്.ബാലനും മകൻ അനീഷും ചേർന്ന് ടി.എസ്.ഏബ്രഹാമിനേയും കുടുംബാംഗങ്ങളേയും അപകീർത്തിപ്പെടുത്താൻ വ്യാജ ഈമെയിലുകൾ അയച്ചു എന്നാണ് പ്രോസിക്യൂഷൻ കേസ്സ്. അഞ്ചു വർഷം തടവും ഒരുലക്ഷം രൂപ പിഴയും ശിക്ഷ ലഭിക്കാവുന്ന കുറ്റമാണ് ആരോപിക്കപ്പെടുന്നത്. പ്രോസിക്യൂഷൻ 34 സാക്ഷികളുടെ പട്ടിക ഹാജരാക്കുകയും 29 സാക്ഷികളെ വിസ്തരിക്കയും ചെയ്തു. 50 പ്രമാണങ്ങളും ഹാജരാക്കി. പ്രതിഭാഗം സാക്ഷികളെ ഹാജരാക്കിയില്ല. അതുകൊണ്ട് വാദംഭാഗം ഹാജരാക്കിയ തെളിവുകൾ മാത്രമാണ് പരിഗണിക്കപ്പെടുക.

വാദിഭാഗത്തിനുവേണ്ടി സ്പെഷ്യൽ പബ്ലിക്ക് പ്രോസിക്യൂട്ടർ സലീം കാമ്പിശ്ശേരി ഹാജരായി. ഒന്നാം പ്രതിയായ അനീഷിനുവേണ്ടി അഡ്വ.രാജേഷ് വിജയൻ കേസ്സ് നടത്തി. ടി.എസ്.ബാലൻ ആദ്യമൊക്കെ കേസ്സ് സ്വയം വാദിച്ചെങ്കിലും പ്രമേഹരോഗം മൂലം ആറു മാസത്തോളം ആശുപത്രിയിൽ കിടക്കേണ്ടി വന്നപ്പോൾ ഒന്നാം പ്രതിയുടെ വക്കീലായ അഡ്വ.രാജേഷ് വിജയന് വക്കാലത്ത് നൽകി. അദ്ദേഹമാണ് ഇപ്പോൾ പ്രതികൾക്കുവേണ്ടി ഹാജരാകുന്നത്.

## സി.ഡി. വിദേശത്തേക്കും അയയ്ക്കും

വീട്ടിൽ ഒരു ബൈബിൾ സ്ക്കൂൾ എന്ന പേരിൽ റ്റി.എസ്. ബാലൻ തയ്യാറാക്കിവരുന്ന 10 സി.ഡി.കളിൽ എട്ടാമത്തേതിന്റെ റിക്കാഡിംഗ് പുരോഗമിക്കുന്നു. ബൈബിളുമായി ബന്ധപ്പെട്ട സംശയങ്ങളാണ് ഈ സി.ഡിയുടെ വിഷയം.

അടിസ്ഥാന വേദോപദേശങ്ങളാണ് ആദ്യ സി.ഡിയിൽ ഉള്ളത്. കൾട്ടുകളേക്കുറിച്ചുള്ള പഠനങ്ങളാണ് രണ്ടാമത്തെ സി.ഡിയുടെ ഉള്ളടക്കം. പരിശുദ്ധാത്മ ശാസ്ത്രം, ദുരാത്മ ശാസ്ത്രം തുടങ്ങിയവയുമായി ബന്ധപ്പെട്ട പ്രധാന വിഷയങ്ങളെല്ലാം മൂന്നാമത്തെ സി.ഡിയിലുണ്ട്. ക്രൈസ്തവ സഭകളിൽ നിലനിൽക്കുന്ന പ്രധാന ദുരുപദേശങ്ങളേക്കുറിച്ചാണ് നാലാമത്തെ സി.ഡിയിൽ പഠിക്കുന്നത്. ലോകമതങ്ങളാണ് അഞ്ചാമത്തെ സി.ഡിയുടെ വിഷയം. ബൈബിൾ വ്യാഖ്യാനിക്കേണ്ടതെങ്ങയെന്ന് ആറാമത്തെ സി.ഡിയിൽ വിവരിക്കുന്നു. ഭാവികാല ശാസ്ത്രം എന്നതാണ് ഏഴാമത്തെ സി.ഡിയുടെ വിഷയം.

ഏതെങ്കിലും ഒരു സി.ഡി. ആവശ്യമുള്ളവർ 100 രൂപ മണിയോഡർ അയച്ചാൽ മതിയാകും. ആദ്യത്തെ ഏഴു സി.ഡികൾക്ക് 700 രൂപ അയയ്ക്കുക. പത്തു സി.ഡികൾ അടങ്ങിയ ഒരു സെറ്റിന് 1000 രൂപയാണ് വില. ഇപ്പോൾ പണം അടയ്ക്കുന്നവർ 900 രൂപ നൽകിയാൽ മതിയാകും. മണിയോഡർ കൂപ്പണിൽ പൂർണ്ണമായ വിലാസവും ഫോൺ നമ്പറും ഉണ്ടായിരിക്കണം. സി.ഡി. കുരിയർ സർവ്വീസ് വഴിയാണ് അയയ്ക്കുന്നത്. അതുകൊണ്ട് ഏറ്റവും അടുത്തുള്ള കുരിയർ സർവ്വീസിന്റെ പേരും അറിയിക്കുക.

### വിദേശത്തുള്ളവരുടെ ശ്രദ്ധയ്ക്ക്

സി.ഡി. വിദേശത്തേക്ക് അയയ്ക്കുന്നത് വലിയ ചെലവുള്ള കാര്യമായതുകൊണ്ട് ഇതുവരെ ഈ സി.ഡികൾ വിദേശത്തേക്ക് അയച്ചിരുന്നില്ല. എന്നാൽ വിദേശത്തുള്ള സഹോദരങ്ങളുടെ നിരന്തരമായ അഭ്യർത്ഥന മാനിച്ച് സി.ഡികൾ ഇനി സൗദി ഉൾപ്പെടെയുള്ള വിദേശ രാജ്യങ്ങളിലേക്ക് അയയ്ക്കുവാൻ തീരുമാനിച്ചിരിക്കയാണ്.

വില: (പോസ്റ്റേജ് അടക്കം)

ആദ്യത്തെ 5 സി.ഡി. (50 ക്ലാസ്സ്, 60 മണിക്കൂർ)-ഗൾഫ്: Rs.1500
അമേരിക്കയും മറ്റു രാജ്യങ്ങളും: U.S. $ 50 (30 പൗണ്ട്)

10 സി.ഡിയുടെ ഒരു സെറ്റ് (100 ക്ലാസ്സ്, 120 മണിക്കൂർ)
- ഗൾഫ്: 3000 രൂപ.
അമേരിക്കയും മറ്റു രാജ്യങ്ങളും: U.S. $ 100 (60 പൗണ്ട്)
(10 സി.ഡി. വാങ്ങുന്നവർക്ക് അഞ്ച് സി.ഡികൾ ഉടൻ അയയ്ക്കും. ബാക്കിയുള്ള അഞ്ചെണ്ണം രണ്ടു മാസം കഴിഞ്ഞ് അയയ്ക്കും)

കൂടുതൽ വിവരങ്ങൾക്ക്: ഫോൺ - 94474 14608

വിലാസം:

**റ്റി.എസ്.ബാലൻ,**
**ആനന്ദ് ഭവൻ, കെ.എസ്.ആർ.റ്റി.സിക്ക് സമീപം,**
**പെരുമ്പാവൂർ പി.ഒ., എറണാകുളം. പിൻ. 683 542**

# ചവർ ചാനൽ പ്രതിസന്ധിയിൽ

കെ.സി.ജോൺ ചെയർമാനും മാത്യൂസ് ചാക്കോ എം.ഡിയുമായി നേതൃത്വം കൊടുക്കുന്ന പവർ വിഷൻ ഗുരുതരമായ പ്രതിസന്ധിയിലാണെന്ന് തിരുവല്ലയിൽ നിന്നും ലഭിക്കുന്ന റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു. ഏതു നിമിഷവും ചാനൽ പൂട്ടിക്കെട്ടാം എന്നതാണ് സ്ഥിതി.

ചാനലിനെ സംബന്ധിച്ച് ചുക്കും ചുണ്ണാമ്പും അറിയാത്തവരാണ് നേതൃസ്ഥാനത്തുള്ളത്. രക്ഷിക്കപ്പെടാത്ത കുറെ ജോലിക്കാരെയും നിയമിച്ചു. സുവിശേഷ പ്രചരണത്തിനെന്നു പറഞ്ഞ് തുടങ്ങിയ ചാനലിൽ സുവിശേഷം വളരെ അപൂർവ്വമായേ സംപ്രേക്ഷണം ചെയ്യാറുള്ളൂ. കത്തോലിക്കർ പുറത്തിറക്കിയ ഏതാനും ആൽബങ്ങളാണ് ചവറിലെ സ്ഥിരം പരിപാടി. ഒരു പരിപാടി ദിവസം 25 വട്ടമെങ്കിലും കാണിക്കും. എല്ലാ ദിവസവും ഇത് തുടരുന്നു. അതുകൊണ്ട് കെ.സി.ജോണിന്റെ ചാനൽ കാണാൻ ആളില്ലാതായി.

ഏതു ചാനലിന്റേയും മുഖ്യ വരുമാന മാർഗ്ഗം പരസ്യമാണ്. പ്രേക്ഷകരില്ലാത്ത ചാനലിന് പരസ്യം കൊടുക്കാൻ ആരും തയ്യാറാകില്ല. അതുകൊണ്ട് ചവർ ചാനലിന് നാളിതുവരെ ഒരു പരസ്യം പോലും കിട്ടിയിട്ടില്ല. ഒരു സായിപ്പിന്റേയും ഒരു മദാമ്മയുടേയും പരിപാടി എല്ലാ ദിവസവും സംപ്രേക്ഷണം ചെയ്യുന്നുണ്ട്. ആ വകയിൽ വല്ലതും കിട്ടുന്നുണ്ടാകാം. പക്ഷേ അതുകൊണ്ടൊന്നും ചാനൽ നടത്തിക്കൊണ്ടു പോകാൻ ആവില്ലല്ലോ.

ചാനൽ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നു പോകുകയാണ്. ശമ്പളം കൊടുക്കാൻ പോലും പണമില്ല. ചില ജോലിക്കാർ പിരിഞ്ഞു പോയിക്കഴിഞ്ഞു. ഉള്ളവർ മറ്റ് പോംവഴി ആലോചിക്കുകയുമാണ്.

നേതാക്കൻമാർ തമ്മിലുള്ള അധികാര വടംവലിയും ചാനലിന്റെ തകർച്ചയ്ക്ക് ആക്കം കൂട്ടുന്നുണ്ട്. ബാബു ജോർജിനെ പുറത്തു ചാടിക്കാൻ കെ.സി.ജോൺ കഠിനമായി പരിശ്രമിക്കുന്നു. അതേ സമയം കെ.സി.ജോണിന് കടിഞ്ഞാണിടാൻ ബാബു ജോർജ് ശ്രമിക്കുന്നുമുണ്ട്. ആരു ജയിക്കുമെന്ന് പറയാറായിട്ടില്ല.

ചാനലിന് ഫണ്ട് ഉണ്ടാക്കാനായി കെ.സി. ജോൺ ഉടൻ വിദേശത്തേക്ക് പോകുമെന്നറിയുന്നു. പക്ഷേ വലിയ പ്രതീക്ഷയ്ക്ക് വകയില്ല. കാരണം, എത്ര ശ്രമിച്ചാലും ചാനൽ നടത്തിക്കൊണ്ടു പോകാൻ കെ.സി.ജോണിന് കഴിയുകയില്ല എന്ന വസ്തുത വിശ്വാസികൾ മനസ്സിലാക്കിക്കഴിഞ്ഞു. അതുകൊണ്ട് ഇനി പണം ലഭിക്കയില്ല.




# ഐ.പി.സി. തെരഞ്ഞെടുപ്പ്: ഉപജാപകവൃന്ദം രംഗത്ത്

ഐ.പി.സി. ജനറൽ ഇലക്ഷൻ അടുത്തെത്തിയതോടെ സ്ഥാനമാനങ്ങൾ ഉറപ്പിക്കാൻ നേതാക്കൻമാർ നെട്ടോട്ടമോടുകയാണ്. ജനറൽ പ്രസിഡന്റായ ടി.എസ്.ഏബ്രഹാം സ്ഥാനം ഒഴിയുന്നതോടെ ഐ.പി.സിയിൽ പുതിയ ശക്തികേന്ദ്രങ്ങൾ രൂപപ്പെടാനുള്ള സാദ്ധ്യത തെളിഞ്ഞു.

ജനറൽ പ്രസിഡന്റ് സ്ഥാനത്തേക്ക് കെ.എം.ജോണിനെയാണ് അടുത്ത കാലം വരെ പരിഗണിച്ചിരുന്നത്. എന്നാൽ അദ്ദേഹത്തെ സ്റ്റേറ്റ് വൈസ് പ്രസിഡന്റ്, അല്ലെങ്കിൽ ജനറൽ വൈസ് പ്രസിഡന്റ് എന്നീ സ്ഥാനങ്ങളിൽ ഒന്ന് കൊടുത്ത് ഒതുക്കാനാണ് ടി.എസ്. ഏബ്രഹാമും കൂട്ടരും പദ്ധതിയിടുന്നത്. ജനറൽ പ്രസിഡന്റായി ആന്ധ്രാക്കാരനായ സുന്ദർറാവു, ജനറൽ സെക്രട്ടറിയായി വത്സൻ ഏബ്രഹാം എന്നിവരെ വാഴിക്കാനാണ് നീക്കം. ജനറൽ പ്രസിഡന്റ് ആന്ധ്രയിലും ജനറൽ സെക്രട്ടറി വിദേശത്തും ഇരിക്കും. ടി.എസ്. ഏബ്രഹാമിന് ഭരണം നടത്താം. എന്നാൽ ഈ പദ്ധതിക്ക് തുരങ്കം വച്ചുകൊണ്ട് എം.എസ്.ശമുവേൽ രംഗത്ത് എത്തുമെന്ന് അഭ്യൂഹമുണ്ട്. ജനറൽ പ്രസിഡന്റ് സ്ഥാനമാണ് അദ്ദേഹം നോട്ടമിടുന്നത്.

കെ.എം.ജോസഫ് കേരളാ സ്റ്റേറ്റ് കൗൺസിലിന്റെ പ്രസിഡന്റാകുമെന്നറിയുന്നു. കെ.സി. തോമസ് സെക്രട്ടറിയായി തുടരും. പക്ഷേ സെക്രട്ടറിയാകാൻ അക്ഷീണയത്നം നടത്തി വരുന്ന ഫിലിപ്പ് പി. തോമസ് എന്തു നിലപാട് സ്വീകരിക്കുമെന്ന് അറിവായിട്ടില്ല.

കെ.സി.ജോണിന് ഏതു കസേര കൊടുക്കും എന്നതും ഒരു പ്രശ്നമാണ്. അധികാരസ്ഥാനങ്ങളിൽ നിന്നെല്ലാം വിട്ടു നിൽക്കാനും സുവിശേഷപ്രവർത്തനത്തിൽ പൂർണ്ണ ശ്രദ്ധ കേന്ദ്രീകരിക്കാനും തീരുമാനിച്ചെന്നൊക്കെ കെ.സി. നാലു വർഷം മുൻപ് പറഞ്ഞതാണ്. പക്ഷേ ആ പ്രഖ്യാപനത്തിന്, കിട്ടാത്ത മുന്തിരി പുളിക്കും എന്നതിൽ കവിഞ്ഞ പ്രാധാന്യമൊന്നുമില്ല. ജെ.സി.ജോണിന്റെ വാക്കും പഴയ ചാക്കും ഒന്നുപോലെയാണ്. മാത്രമല്ല, പവർ വേഡ് മിനിസ്ട്രിയും പവർ ചാനലും പൊട്ടി പാളീസായതുകൊണ്ട് ഏതെങ്കിലും കസേര ഇല്ലാതെ കെ.സി.ജോണിന് പിടിച്ചു നിൽക്കാനാവില്ല. ജനറൽ പ്രസിഡന്റ്, ജനറൽ സെക്രട്ടറി എന്നീ സ്ഥാനങ്ങളിൽ ഒന്ന് ലഭിക്കണമെന്നാണ് കെ.സി.ജോണിന്റെ ആഗ്രഹം. പക്ഷേ ജനറൽ വൈസ് പ്രസിഡന്റ്, സ്റ്റേറ്റ് വൈസ് പ്രസിഡന്റ് എന്നീ പദവികളിൽ ഒന്ന് കൊടുത്ത് കെ.സി.ജോണിനെ ഒതുക്കാനാണ് ടി.എസ്. ഏബ്രഹാമും കൂട്ടരും പദ്ധതിയിടുന്നത്.

ദി ഡിഫെൻഡർ
Vol. No.9 Issue No. 12 2006 June 16

# സമരം സർക്കാരിനോടോ പൊതുജനത്തോടോ?

പെട്രോളിയം ഉല്പന്നങ്ങളുടെ വില സർക്കാർ വർദ്ധിപ്പിക്കുന്നത് ആദ്യമായല്ല. ഭരിക്കുന്നത് ഏതു പാർട്ടിയായാലും വിലവർദ്ധന ഉറപ്പ്. വില വർദ്ധിപ്പിക്കേണ്ടത് ആവശ്യമോ എന്നത് തർക്കവിഷയമാണ്. ലോക വിപണിയിൽ ക്രൂഡോയിലിന്റെ വില അനുദിനം വർദ്ധിച്ചു കൊണ്ടിരിക്കുമ്പോൾ വില വർദ്ധനവ് ഒഴിവാക്കുന്നതെങ്ങനെ എന്ന് വ്യക്തമല്ല.

പെട്രോളിയം ഉല്പന്നങ്ങളുടെ വില ഇടയ്ക്കൊക്കെ സർക്കാർ വർദ്ധിപ്പിക്കും. ഉടൻ ഒരു ഹർത്താൽ ഉറപ്പ്. അതോടെ കഴിഞ്ഞു കഥ. പിന്നെ എല്ലാവരും ഇതൊക്കെ മറക്കും. വർദ്ധിച്ച വില അവിടെത്തന്നെ നിൽക്കും. ഏതാനും മാസം കഴിയുമ്പോൾ വീണ്ടും വിലവർദ്ധനവുണ്ടാകും. വീണ്ടും ഹർത്താൽ. അങ്ങനെ കഥ തുടരും.

എന്തിനും ഏതിനും ഹർത്താൽ നടത്തുന്ന കാര്യത്തിൽ എല്ലാ രാഷ്ട്രീയ പാർട്ടികളും ഒന്നിനൊന്ന് മെച്ചമാണ്. പ്രതിപക്ഷത്തിരിക്കുന്ന പാർട്ടികളാണ് സാധാരണയായി ഹർത്താൽ നടത്തുന്നത് എന്നുമാത്രം. സർക്കാരിനെതിരെ പ്രതിഷേധിക്കാൻ താല്പര്യമുള്ളവർ ഹർത്താലിൽ പങ്കെടുക്കണം എന്ന് ഒരു രാഷ്ട്രീയ പാർട്ടിയും നാളിതുവരെ പറഞ്ഞിട്ടില്ല. ആശുപത്രി, പാൽ, പത്രം, വിവാഹം എന്നിവയെ ഹർത്താലിൽ നിന്ന് ഒഴിവാക്കിയിരിക്കുന്നു എന്നാണ് പ്രഖ്യാപിക്കുക. മറ്റുള്ളവരെല്ലാം ഹർത്താലിൽ പങ്കെടുത്തുകൊള്ളണം എന്നു ചുരുക്കം. പങ്കെടുത്തില്ലെങ്കിൽ എന്തു ചെയ്യും എന്ന് ചോദിക്കരുത്. കാരണം, "എന്തും ചെയ്യും" എന്നാകും ഉത്തരം.

ഏതാനും വർഷം മുൻപുവരെ ബന്ദ് എന്നായിരുന്നു ഹർത്താലിന്റെ പേര്. കോടതി ബന്ദ് നിരോധിച്ചു. അതോടെ ബന്ദിന്റെ പേര് ഹർത്താൽ എന്നായി. ഏറെ താമസിയാതെ കോടതി ഹർത്താലും നിരോധിച്ചു. പക്ഷേ രാഷ്ട്രീയക്കാർ വിട്ടില്ല. പേരു പോലും മാറ്റാതെ അവർ ഇന്നും ഹർത്താൽ നടത്തുന്നു. ഏതു പാർട്ടി ഹർത്താൽ നടത്തിയാലും അത് വിജയിക്കുന്നു. ജനം വലയുന്നു.

സമ്പൂർണ്ണ സാക്ഷരതയുള്ള സംസ്ഥാനമാണ് കേരളം എന്നാണ് പറയപ്പെടുന്നത്. പക്ഷേ ഹർത്താലെന്ന കാടത്തം ഏറ്റവുമധികം അരങ്ങു തകർക്കുന്നത് കേരളത്തിലാണ്. കാര്യമായ പ്രതിഷേധമൊന്നും കൂടാതെ പൊതുജനം അത് അംഗീകരിക്കുന്നു. ഹർത്താലിനെതിരെ ഉണ്ടായിട്ടുള്ള കോടതിവിധികൾ പോലും ഹർത്താൽ അനുകൂലികളിൽ ഭയം ഉളവാക്കിയിട്ടില്ല. ഹർത്താൽ ദിനത്തിൽ ഉണ്ടാകുന്ന അക്രമങ്ങൾക്ക് ഹർത്താൽ ആഹ്വാനം ചെയ്തവർ ഉത്തരവാദികളാണെന്ന് കോടതി വിധിച്ചിട്ടും ഫലമുണ്ടായിട്ടില്ല. ഇനി ജനം നേരിട്ട് ഇടപെടുകയേ നിവൃത്തിയുള്ളൂ.

## സത്യം സത്യമായി

മോങ്ങാനിരുന്ന നായുടെ തലയിൽ തേങ്ങാ വീണു എന്നു പറഞ്ഞതുപോലെയായി പെട്രോൾ-ഡീസൽ വില വർദ്ധനവ്. കേന്ദ്ര സർക്കാരിനെതിരെ സമരം നടത്താൻ കാരണം കാത്തിരുന്നവർക്ക് ഒന്നാംതരം ഒരു കാരണം കിട്ടിയിരിക്കുന്നു. മൃഷ്ടാന്നമായി സമരം നടത്താം. ഹർത്താലോ പണിമുടക്കോ വഴിതടയലോ എന്തും നടത്താം. കുശാൽ.

ശുദ്ധ പ്രതിപക്ഷമായ ബി.ജെ.പി. ഈ അവസരം ശരിക്കും വിനിയോഗിക്കുന്നു. വഴി തടയലും ഹർത്താലും ഒക്കെയായി അവർ ശരിക്കും ഷൈൻ ചെയ്യുകയാണ്. പക്ഷേ അതുപോലെയാണോ ഇടതുപക്ഷത്തിന്റെ കാര്യം. കേന്ദ്ര സർക്കാരിനെ പുറത്തു നിന്ന് താങ്ങി നിർത്തിയിരിക്കുന്നത് ഇടതുപക്ഷമാണ്. അവർ ഒരു വര വരച്ചാൽ അതിനപ്പുറം കടക്കാൻ കേന്ദ്ര സർക്കാരിന് ധൈര്യമുണ്ടാകില്ല എന്നു ചുരുക്കം. എന്നിട്ടും കേന്ദ്രം എന്തുകൊണ്ട് ഇടതുപക്ഷത്തെ ഭയപ്പെടുന്നില്ല? ബി.ജെ.പി. ആരോപിക്കുന്നതുപോലെ ഇതൊരു ഒത്തുകളിയാണോ? ഏതായാലും ഇടതുപക്ഷവും സമരം നടത്തുന്നുണ്ട്. എന്തെങ്കിലും ഫലം ഉണ്ടാകുമോ ആവോ?

രാജ്യസഭയിൽ ഒഴിവുണ്ടാകുമ്പോൾ കേരളത്തിലുള്ള മുന്നണികൾക്ക് തലവേദന ആരംഭിക്കും. ജനങ്ങളോട് വോട്ടു തെണ്ടാതെ ചുളുവിൽ എം.പി. ആകാൻ കഴിയുക എന്നത് ചെറിയ കാര്യമല്ലല്ലോ. അതുകൊണ്ട് എല്ലാ രാഷ്ട്രീയ പാർട്ടികളും സീറ്റിനായി മുറവിളി കൂട്ടും. ഒടുവിൽ ഏതെങ്കിലും പാർട്ടിക്ക് സീറ്റ് ലഭിക്കും. പിന്നെ പാളയത്തിൽ പട ആരംഭിക്കും. ഡി.ഐ.സിയുടെ പിറവിക്കു വരെ വഴിവെച്ച സംഭവങ്ങളുടെ തുടക്കം ഒരു രാജ്യസഭാ സീറ്റിന്റെ പേരിലായിരുന്നു.

ഇത്തവണ മൂന്നു രാജ്യസഭാ സീറ്റുകളാണ് ഒഴിവു വരുന്നത്. രണ്ടു സ്ഥാനാർത്ഥികളെ ജയിപ്പിക്കാനുള്ള അംഗബലം ഇടതുപക്ഷത്തിനുണ്ട്. ആ കണക്ക് ഇപ്രകാരമാണ്. നിയമസഭയിൽ 140 അംഗങ്ങളുണ്ട്. അതിന്റെ നാലിൽ ഒന്നാണ് 35. അതുകൊണ്ട് ജയിക്കാൻ 36 വോട്ടെങ്കിലും ലഭിക്കണം. മൂന്നു സ്ഥാനാർത്ഥികൾക്ക് ജയിക്കാൻ വേണ്ട കുറഞ്ഞ വോട്ട് 108 ആണ്. ഭരണപക്ഷത്തിന് 98 വോട്ടുണ്ട്. രണ്ടു പേരേ ജയിപ്പിക്കാൻ അതു മതിയാകും. പ്രതിപക്ഷത്ത് 42 വോട്ടുണ്ട്. ഒരാളെ ജയിപ്പിക്കാൻ അത് തികയും.

രാജ്യസഭാസീറ്റ് പ്രശ്നം ഇരു മുന്നണികൾക്കും തലവേദനയാണ്. രണ്ടു സീറ്റും തങ്ങൾക്കു വേണമെന്ന് സി.പി.ഐ.(എം.) പറയുന്നു. ഒരെണ്ണം കിട്ടിയേ കഴിയൂ എന്ന് സി.പി.ഐ. ശഠിക്കുന്നു. വല്ല്യേട്ടൻ കണ്ണുരുട്ടി കാണിക്കുമ്പോൾ കുഞ്ഞനിയൻ ഇത്തവണയും മൂത്രമൊഴിക്കുമോ എന്നേ ഇനി അറിയാനുള്ളൂ.

യു.ഡി.എഫിലെ സ്ഥിതി കൂടുതൽ ഗുരുതരമാണ്. ഒരു സീറ്റുള്ളത് തങ്ങൾക്കു വേണമെന്ന് കോൺഗ്രസ്സ് വാദിക്കുന്നു. പക്ഷേ മുസ്ലീം ലീഗ് സമ്മതിക്കുന്നില്ല. സമദാനിക്ക് സീറ്റ് കൊടുക്കണമെന്നാണ് അവർ പറയുന്നത്. അസംബ്ലി തെരഞ്ഞെടുപ്പിൽ ജനപിൻതുണ തെളിയിച്ച മാണി ഗ്രൂപ്പും സീറ്റിൽ അവകാശവാദം ഉന്നയിക്കുന്നു.

എല്ലാ അവകാശവാദങ്ങളും തൃണവൽഗണിച്ചു കൊണ്ട് കോൺഗ്രസ്സ് രാജ്യസഭാസീറ്റ് കൈവശപ്പെടുത്തിയാലും പ്രശ്നം തീരുന്നില്ല. ഭൈമീകാമുകൻമാർ ഏറെ ഉണ്ടെന്നതുതന്നെ കാരണം. സിറ്റിംഗ് സീറ്റ് എന്ന നിലയിൽ തനിക്ക് സീറ്റ് വേണമെന്ന് പി.ജെ.കുര്യൻ വാദിക്കുന്നു. സൂര്യനെല്ലിക്കേസ്സ് പീരുമേട് കോടതിയിൽ തിരിച്ചെത്തിയതിനാൽ കുര്യന് സീറ്റ് കിട്ടുന്ന കാര്യം കണ്ടുതന്നെ അറിയണം. പി.സി.ചാക്കോയാണ് മറ്റൊരു സ്ഥാനമോഹി. മറ്റു ചിലരും രംഗത്തു വന്നേക്കാം. ഒടുവിൽ ആർക്കു കുറി വീഴുമെന്ന് പിന്നാലെ പാർക്കലാം.

മഅ്ദനിയുടെ കാര്യത്തിൽ ഇതാ സർക്കാർ സജീവമായി ഇടപെട്ടിരിക്കുന്നു. ചെയ്യാൻ കഴിയുന്നതെല്ലാം ചെയ്യാമെന്ന് കരുണ്യ വാരിധിയായ കരുണാനിധി വാക്കു പറയുകയും ചെയ്തിരിക്കുന്നു. ആനന്ദലബ്ധിക്കിനി എന്തുവേണം. പക്ഷേ ഒരു സംശയം: മഅ്ദനിയെ ജാമ്യത്തിൽ വിടാൻ കരുണാനിധിക്ക് ധൈര്യമുണ്ടാകുമോ? ഈ നടപടിമൂലം തമിഴ്നാട്ടിലുള്ള ജനങ്ങളുടെ പിൻതുണ നഷ്ടപ്പെടുമെന്ന് അദ്ദേഹം സംശയിക്കില്ലേ? മഅ്ദനിയെ ഇത്രക്കാലവും തടവിൽ വെച്ചിരുന്ന ജയലളിത ഈ അവസരം വിനിയോഗിക്കില്ലേ?

മുല്ലപ്പെരിയാർ ഉൾപ്പെടെയുള്ള വിഷയങ്ങളിലും കഥ ഇതുതന്നെ. കേരളത്തിന് അനുകൂലമായ നിലപാട് കരുണാനിധി സ്വീകരിച്ചാൽ തമിഴ്നാട്ടിലെ ജനങ്ങൾ ഇടയും. പഴയ നിലപാടിൽ ഉറച്ചു നിന്നാൽ ചർച്ചകൾ കൊണ്ട് ഫലമില്ലാതാകും.

കേരളത്തിലെ പാർട്ടിയിൽ പ്രശ്നങ്ങളൊന്നും ഇല്ലെന്നും അല്പം ചിലത് ഉള്ളത് ഉടൻ പരിഹരിക്കുമെന്നും പി.ബി. പറയുന്നു. അല്പമെങ്കിലും ഉണ്ടെന്ന് സമ്മതിച്ചല്ലോ. ആശ്വാസമായി. ഇനി ആ അല്പം പരിഹരിക്കകൂടി ചെയ്യാൽ നന്ന്. കുളിപ്പിച്ച് കുളിപ്പിച്ച് കൊച്ചില്ലാതാകരുത്.

### ഡിഫെൻഡർ നഷ്ടപ്പെടുന്നു?

ഡിഫെൻഡർ എല്ലാ മാസവും ഒന്നാം തീയതിയും പതിനാറാം തീയതിയും ജില്ല തിരിച്ച് കെട്ടുകളാക്കി പെരുമ്പാവൂർ പോസ്റ്റ് ഓഫീസിൽ കൊടുക്കുയാണ് ചെയ്യുന്നത്. സീലടിച്ച് അവർ അത് അയക്കയും ചെയ്യുന്നു. ഇവിടെ പത്രം നഷ്ടപ്പെടുന്നില്ല. അതുകൊണ്ട് പത്രം നഷ്ടപ്പെടുന്നത് മറ്റെവിടെയോ ആണ്. നിങ്ങളുടെ പോസ്റ്റ് ഓഫീസിൽ അന്വേഷിച്ച് പരാതി നൽകിയാൽ പത്രം നഷ്ടപ്പെടുന്നത് ഒഴിവാക്കാം.

വാർഷിക വരിസംഖ്യ

ഇന്ത്യയിൽ: 100 രൂപ
ഗൾഫ് രാജ്യങ്ങൾ: 800 രൂപ
അമേരിക്ക: 30 ഡോളർ

വിലാസം:
റ്റി.എസ്.ബാലൻ, ദി ഡിഫെൻഡർ,
കെ.എസ്.ആർ.റ്റി.സിക്ക് സമീപം,
പെരുമ്പാവൂർ പി.ഒ., പിൻ - 683542.

എല്ലാവിധ അച്ചടി ജോലികൾക്കും സമീപിക്കുക

പുസ്തകങ്ങൾ, ലഘുലേഖകൾ, ബ്രോഷറുകൾ തുടങ്ങിയവയുടെ ഡി.റ്റി.പി., എഡിറ്റിംഗ്, പ്രിന്റിംഗ് തുടങ്ങിയ എല്ലാ ജോലികളും ചെയ്യുന്നതാണ്.
ആത്മീയ ഗ്രന്ഥങ്ങൾക്ക് പ്രത്യേക പരിഗണന.

പെരുമ്പാവൂർ പ്രിന്റേഴ്സ്
ബസ്റ്റ് കോംപ്ലക്സ്
കെ.എസ്.ആർ.ടി.സിക്ക് സമീപം
പെരുമ്പാവൂർ. ഫോൺ : 0484-3232356, 9447414608

# മത്തായിക്കുട്ടിക്ക് കുഴിക്കാലയിൽ കുശാൽ

കുഴിക്കാല എന്ന് കേട്ടാൽ ഉടൻ സാം കുഴിക്കാല എന്ന് ധരിക്കരുത് എന്ന് പ്രാരംഭത്തിൽ തന്നെ പറയട്ടെ. പറയാൻ പോകുന്ന സംഭവത്തിന് സാം കുഴിക്കാലയുമായി ബന്ധമില്ല. സാം കുഴിക്കാലയെക്കുറിച്ച് ചില മാസങ്ങളായി ഒരു വിവരവുമില്ലതാനും.

മത്തായിക്കുട്ടി എന്നത് കുപ്രസിദ്ധ കള്ളപ്രവാചകനും അടിയുറച്ച സോദോമ്യനുമായ സാക്ഷാൽ മത്തായിക്കുട്ടി തന്നെ. പുല്ലാടിന് അടുത്തുള്ള ഒരു സ്ഥലത്ത് അസംബ്ലീസ് ഓഫ് ഗോഡിന്റെ പാസ്റ്ററായി പ്രവർത്തിക്കുന്നു. കള്ളപ്രവചനമാണ് മുഖ്യ തൊഴിൽ. സോദോമ്യ പാപമാണ് ഇഷ്ട വിനോദം. ഇത്രയും കാര്യങ്ങൾ പലവട്ടം ഡിഫെൻഡറിൽ എഴുതിക്കഴിഞ്ഞതാണ്. ഇത്ര ഹീനമായ പാപം ചെയ്തിട്ടും മത്തായിക്കുട്ടിക്ക് പ്രോഗ്രാമിന് കുറവില്ല.

കഴിഞ്ഞ ദിവസം മത്തായിക്കുട്ടിക്ക് കുഴിക്കാലയിൽ പ്രോഗ്രാം കിട്ടി. നല്ല വിവരമുള്ള ആളെന്ന് ഏവരും ധരിച്ചു വെച്ചിരിക്കുന്ന ഒരാളാണ് മത്തായിക്കുട്ടിയെ തന്റെ സഭയിലേക്ക് ക്ഷണിച്ചതും ശുശ്രൂഷിക്കാൻ അവസരം ഒരുക്കിയതും. മത്തായിക്കുട്ടി ഒന്നാംതരം ദൈവദാസനാണെന്നും അദ്ദേഹത്തിലൂടെ സംസാരിക്കുന്നത് ദൈവമാണെന്നും ഈ നേതാവ് തന്റെ സഭയിലുള്ള വിശ്വാസികളെ അറിയിച്ചു എന്നും അറിയാൻ കഴിഞ്ഞു.

നീ ആരെന്നറിയാൻ നിന്റെ സ്നേഹിതൻ ആരെന്നറിഞ്ഞാൽ മതി എന്നാണല്ലോ ചൊല്ല്. അങ്ങനെയെങ്കിൽ മത്തായിക്കുട്ടിയേപ്പോലൊരു സോദോമ്യനാണ് കുഴിക്കാലയിലെ പുണ്യാളൻ എന്ന് പറയേണ്ടതായി വരും. മോഹിക്കേണ്ടതിന് സ്ത്രീയെ നോക്കുന്നവൻ പോലും പാപം ചെയ്തു എന്നു പറഞ്ഞ യേശുവിന്റെ ദാസൻമാർക്ക് ഇപ്പോൾ സോദോമ്യപാപം പോലും സ്വീകാര്യമായിരിക്കുന്നു.

# കാലം മാറി കാലും മാറി

കാലത്തിനൊത്ത് കോലം കെട്ടണം എന്നാണല്ലോ ചൊല്ല്. പെന്തക്കോസ്തിലെ പരമോന്നത നേതാവിന് ഈയിടെയാണ് ഈ ബുദ്ധി ഉദിച്ചത്. ഏതാനും മാസം മുൻപുവരെ കോൺഗ്രസ്സ് നേതാക്കൻമാർക്ക് അന്നവും അർത്ഥവും കൊടുത്ത് പരിപാലിച്ചിരുന്ന നേതാവിന് ഒരു കാര്യം ബോദ്ധ്യമായി. കാര്യം സാധിക്കണമെങ്കിൽ ഇനി ഇടതുപക്ഷത്തിന്റെ സഹായം വേണം.

ഇടതുപക്ഷത്തെ മയക്കാൻ എന്താണ് വഴി? കോൺഗ്രസ്സ് നേതാക്കൻമാരെ മയക്കിയ വഴിതന്നെ. ഹൃദയത്തിലേക്കുള്ള വഴി വയറിലൂടെയാണല്ലോ. അങ്ങനെ സ്ഥലം എം.എൽ.എ., അടുത്തുള്ള മന്ത്രി എന്നിവരെ വിളിച്ചു വരുത്തി ഒന്നാം തരം സദ്യ കൊടുത്തു. പണക്കിഴി കൊടുത്തെന്നും ഇല്ലെന്നും വാദമുണ്ട്. ഏതായാലും ഇടതു പക്ഷം മയങ്ങിയോ എന്ന് പറയാറായിട്ടില്ല.

# ജെ.സി. ദേവ് വായിച്ചറിയാൻ

മൂന്നു ദശാബ്ദം നീണ്ട ബ്രദറൺ സഭാവാസത്തിനുശേഷം ജെ.സി.ദേവ് പെന്തക്കോസ്തിൽ മടങ്ങി എത്തിയിരിക്കയാണ്. ഇത് എന്തോ അത്യപൂർവ്വ സംഭവമാണെന്ന രീതിയിൽ ചില പത്രങ്ങൾ എഴുതുകയും ചെയ്തിരിക്കുന്നു. ഒന്നര നൂറ്റാണ്ടു മുൻപ് അരുളപ്പൻ അന്യഭാഷ പറഞ്ഞെന്നും അതുകൊണ്ട് പെന്തക്കോസ്ത് ഉപദേശം ശരിയാണെന്ന് ബോദ്ധ്യമായെന്നും ദേവ് പറയുന്നു. മുങ്ങിച്ചാകാൻ തുടങ്ങുന്നവൻ കച്ചിത്തുരുമ്പിലും പിടിക്കും.

ബ്രദറൻ ഉപദേശം ശരിയോ തെറ്റോ ആകുന്നത് അരുളപ്പനോ സൈമൺ സാറോ അന്യഭാഷ പറയുകയോ പറയാതിരിക്കുകയോ ചെയ്യുന്നതുകൊണ്ടല്ല. ദൈവവചനം ഉപയോഗിച്ച് ബ്രദറൺ ഉപദേശവും പെന്തക്കോസ്ത് ഉപദേശവും മറ്റും പരിശോധിക്കുക. അതാണ് ശരിയായ വഴി. അതുകൊണ്ട് ദേവ് ഇനി അരുളപ്പന്റെ കഥ പറഞ്ഞ് സ്വയം കഴുതയാകാൻ ശ്രമിക്കരുത്.

പ്രജാപതിയെന്ന അന്യദൈവത്തെ ക്രിസ്തുവാക്കാൻ ദേവ് തുനിഞ്ഞിറങ്ങിയ നാൾ മുതൽ ദേവ് ഡിഫെൻഡറിന്റെ എതിരാളിയായി. ക്രൈസ്തവ വേദാന്ത വേദി എന്ന ദുരുപദേശ സംഘത്തിന്റെ പ്രസിഡന്റ് സ്ഥാനം ദേവ് ഏറ്റെടുത്തതോടെ ദേവ് അന്യദൈവാരാധകനുമായി. പ്രജാപതിയെ ക്രിസ്തുവാക്കിയത് ഗുരുതരമായ തെറ്റായിപ്പോയി എന്ന് ദേവ് നാളിതുവരെ പറഞ്ഞിട്ടുമില്ല. അതുകൊണ്ട് ദേവിനെ അന്യദൈവാരാധകനായി മാത്രമേ ഡിഫെൻഡറിന് കാണാൻ കഴിയൂ. പെന്തക്കോസ്തിൽ വന്നാൽ തീരുന്ന പ്രശ്നമല്ല ഇത്.

ദേവ് പണ്ട് പെന്തക്കോസ്ത് വിട്ട് ബ്രദറൺ സഭയിൽ ചേർന്നത് ആശയപരമായ പ്രശ്നത്താലല്ല മറിച്ച് ആമാശയപരമായ പ്രശ്നത്താലായിരുന്നു. മൂന്നു പതിറ്റാണ്ടു കാലം ബ്രദറൺ സഭയിൽ തുടർന്നതും ഈ കാരണത്താൽ തന്നെ. അടുത്ത കാലത്തുണ്ടായ ചില പ്രശ്നങ്ങൾ നിമിത്തം ദേവിന് ബ്രദറൺ സഭയിൽ തുടരാനാകാത്ത സ്ഥിതിയുണ്ടായി. പെന്തക്കോസ്തിലേക്ക് മടങ്ങുകയല്ലാതെ മറ്റ് പോംവഴി ഇല്ലെന്നുവന്നു. വെറുതെ വന്നാൽ ഫലമില്ലെന്ന് വ്യക്തം. അതുകൊണ്ട് ദേവ് അരുളപ്പനെ കൂട്ടു പിടിച്ച് ആദർശത്തിന്റെ പരിവേഷമുണ്ടാക്കി. ഗുഡ്ന്യൂസ് അതിന് കൂട്ടുനിന്നു.

ഈ കഥയൊക്കെ പറയാൻ ഒരു കാരണമുണ്ട്. തത്ക്കാലം വെളിപ്പെടുത്താൻ പറ്റാത്ത ഒരു കാരണം മൂലം ഡിഫെൻഡർ ദേവിനെതിരെയുള്ള വിമർശനത്തിന് മോറട്ടോറിയം പ്രഖ്യാപിക്കയാണ്. അത് താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായിരിക്കും:

1. ഇനി ഒരിക്കലും പ്രജാപതിയെ ക്രിസ്തുവാക്കാൻ ശ്രമിക്കരുത്.
2. ആദർശത്തിന്റെ പേരിലാണ് പെന്തക്കോസ്തിൽ തിരിച്ചെത്തിയതെന്ന കള്ളം ഇനി എഴുതുകയോ പ്രസംഗിക്കയോ ചെയ്യരുത്.
3. ദേവ് ഐ.പി.സിയിലാണ് അംഗത്വം എടുത്തിരിക്കുന്നത്. പരിശുദ്ധാത്മസ്നാനത്തിന്റെ പ്രത്യക്ഷമായ അടയാളമാണ് അന്യഭാഷാഭാഷണമെന്ന് ഐ.പി.സിയുടെ വിശ്വാസപ്രമാണത്തിലുണ്ട്. അത് ദേവ് അംഗീകരിക്കയും അങ്ങനെ പഠിപ്പിക്കയും ചെയ്യണം.

ഈ വ്യവസ്ഥകളിൽ ഏതെങ്കിലും ഒന്ന് തെറ്റിച്ചാൽ ദേവിനെതിരെയുള്ള എഴുത്ത് ഡിഫെൻഡർ പുനരാരംഭിക്കും.


## ട്രസ്റ്റുകളും സൊസൈറ്റികളും ഉണ്ടാക്കുന്നതെങ്ങനെ?

അനാഥശാലകൾ, വൃദ്ധസദനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, മതസ്ഥാപനങ്ങൾ തുടങ്ങിയവ സ്ഥാപിക്കുവാനും നടത്തുവാനും ആഗ്രഹമുള്ളവർ നിരവധിയാണ്. പക്ഷേ, അതിനാവശ്യമായ ചാരിറ്റബിൾ സൊസൈറ്റികളും ട്രസ്റ്റുകളും എങ്ങനെയാണ് രജിസ്റ്റർ ചെയ്യേണ്ടതെന്ന് മിക്കവർക്കും അറിഞ്ഞുകൂടാ.

ഈ രംഗത്ത് ഡിഫെൻഡർ നിങ്ങളെ സഹായിക്കാം.

ഞങ്ങൾ നൽകുന്ന സേവനങ്ങൾ:

ചാരിറ്റബിൾ സൊസൈറ്റികളും ട്രസ്റ്റുകളും സ്ഥാപിക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

സ്ഥാപനം രജിസ്റ്റർ ചെയ്യാൻ വേണ്ട നിയമാവലിയും മറ്റും ഉണ്ടാക്കുന്നു.

ആദായ നികുതി ഇളവുകളും മറ്റും ലഭിക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

കൂടുതൽ വിവരങ്ങൾക്ക്
ഡിഫെൻഡർ ഓഫീസുമായി ബന്ധപ്പെടുക.
ഫോൺ: 0484-3232356, 9447414608



## നിങ്ങൾക്കും ഒരു വെബ്സൈറ്റ്

നിങ്ങൾക്കോ നിങ്ങളുടെ സ്ഥാപന ത്തിനോ വളരെ കുറഞ്ഞ ചെലവിൽ ഒരു വെബ്സൈറ്റ് ഉണ്ടാക്കാം. നിങ്ങളെ സംബന്ധി ക്കുന്ന എല്ലാ വിവരങ്ങളും ഫോട്ടോ സഹിതം വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കാം. ലോകത്തിൽ എവിടെ താമസിക്കുന്നവർക്കുവേണ്ടിയും വെബ്സൈറ്റ് ഉണ്ടാക്കുന്നു.

www.yourname.com എന്ന വിലാസം
you@yourname.com എന്ന ഈമെയിൽ
ഒരു ഹോം പേജ്
ആകെ ചെലവ്: 1500 രൂപ മാത്രം
ഓരോ അധിക പേജിനും 400 രൂപ
ഫോൺ: 0484-3232356
മൊബൈൽ: 94474 14608

# ഞാൻ ദുഃഖിതനാണ്

റ്റി.എസ്.ബാലൻ എന്ന ഈയുള്ളവൻ ഇന്ന് ഏറെ ദു:ഖിതനാണ്. വ്യക്തിപരമായ എന്തെങ്കിലും പ്രശ്നങ്ങളല്ല എന്റെ ദു:ഖത്തിന്റെ കാരണം. ഞാൻ പറഞ്ഞു വരുന്നത് ആത്മീയ വിഷയങ്ങളുമായി ബന്ധപ്പെട്ട് എനിക്കുള്ള ദു:ഖത്തേക്കുറിച്ചാണ്.

1974ൽ ഞാൻ രക്ഷിക്കപ്പെട്ടു. 1975ൽ വിശ്വാസസ്നാനം സ്വീകരിച്ചു. രക്ഷിക്കപ്പെട്ട നാൾ മുതൽ ഞാൻ സുവിശേഷവേല ചെയ്തുവരുന്നു. ഏഴു വർഷം പാസ്റ്ററായും പ്രവർത്തിച്ചു. എന്റെ പ്രവർത്തനത്തിലൂടെ അനേകർ കർത്താവിനെ കണ്ടെത്തിയിട്ടുമുണ്ട്. ഇനിയുള്ളകാലവും സുവിശേഷവേല ചെയ്യാനാണ് എന്റെ തീരുമാനം.

കത്തോലിക്കാ സഭ മുതൽ പെന്തക്കോസ്ത് വരെയുള്ള നിരവധി പ്രസ്ഥാനങ്ങൾ ഈ നാട്ടിലുണ്ട്. ഇവയൊന്നും ദൈവീകമല്ല. കർത്താവ് ഒരു സംഘടനയും സ്ഥാപിച്ചിട്ടുമില്ല. കർത്താവായ യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിച്ചവരുടെ കൂട്ടമാണ് ദൈവസഭ. വിശ്വാസി, പ്രാദേശിക സഭ, ആകമാന സഭ എന്നിവ മാത്രമേ ദൈവീക പദ്ധതിയിലുള്ളൂ. അതിൽ അധികമായതെല്ലാം ദൈവവചനത്തിനു പുറത്തുള്ളതാണ്.

കത്തോലിക്കാ സഭയുടെ ഉപദേശങ്ങളിൽ അഞ്ചു ശതമാനം മാത്രമേ ദൈവവചനവുമായി പൊരുത്തപ്പെടുന്നതുള്ളൂ. ഓർത്തഡോക്സ്-യാക്കോബായ വിഭാഗങ്ങളുടെ സ്ഥിതിയും ഇതു തന്നെ. മാർത്തോമാ സഭയുടെ ഉപദേശങ്ങളിൽ പകുതിയോളം അംഗീകരിക്കാം. ഇവാൻജെലിക്കൽ സഭയുടെ 80% ഉപദേശങ്ങളും ശരിയാണ്. ബ്രദറൺ ഉപദേശങ്ങളിൽ 90% ദൈവവചനാനുസൃതമുള്ളതാണ്. പെന്തക്കോസ്ത് ഉപദേശത്തിലുള്ള തെറ്റ് അഞ്ചു ശതമാനം മാത്രമാണ്. പൂർണ്ണമായി ശരി എന്ന് പറയാവുന്ന ഉപദേശങ്ങൾ പഠിപ്പിക്കുന്ന പ്രസ്ഥാനം ഉള്ളതായി അറിവില്ല. അതുകൊണ്ട്, ദൈവവചനത്തോട് ഏറ്റവും അടുത്തു നിൽക്കുന്ന ഉപദേശം പഠിപ്പിക്കുന്ന പെന്തക്കോസ്ത് പ്രസ്ഥാനങ്ങളുമായി ഞാൻ സഹകരിക്കുന്നു. അതുകൊണ്ട് ഞാനും പെന്തക്കോസ്തുകാരനായാണ് അറിയപ്പെടുന്നത്.

കത്തോലിക്കർ ദുരുപദേശം പറഞ്ഞാൽ അത് രക്ഷിക്കപ്പെട്ട ദൈവമക്കളെ ഏറെ ബാധിക്കയില്ല. കാരണം, കത്തോലിക്കർ ദുരുപദേശം പഠിപ്പിക്കുന്നവരാണെന്ന് ദൈവമക്കൾക്ക് അറിയാം. പക്ഷേ പെന്തക്കോസ്ത് പ്രസംഗകർ ദുരുപദേശം പഠിപ്പിച്ചാൽ ഭൂരിപക്ഷം ദൈവമക്കളും ചതിയിൽ വീണുപോകും. പ്രജാപതിയെന്ന അന്യദൈവം ക്രിസ്തുവായി മാറിയത് ഈ വഴിക്കാണ്. പേരെടുത്ത പ്രസംഗകർ ഈ ദുരുപദേശം പ്രസംഗിച്ചു. സാധാരണക്കാരായ ദൈവമക്കൾ ചോദ്യം ചെയ്യാതെ വിശ്വസിച്ചു. സമൃദ്ധിയുടെ സുവിശേഷം പെന്തക്കോസ്തിൽ കയറിപ്പറ്റിയതും ഈ വിധത്തിൽ തന്നെ.

ദുരുപദേശങ്ങൾക്കെതിരെ പോരാടുന്നതിൽ ആദ്യകാല പെന്തക്കോസ്ത് നേതാക്കന്മാർ തല്പരരായിരുന്നു. പ്രസംഗം, പുസ്തകം, മാസിക തുടങ്ങിയവയിലൂടെ അവർ ദുരുപദേശങ്ങൾക്കെതിരെ പോരാടി. പക്ഷേ ഇന്ന് അതല്ല സ്ഥിതി. ഒരു പെന്തക്കോസ്ത് നേതാവും ദുരുപദേശങ്ങൾക്കെതിരെ ശബ്ദിക്കുന്നില്ല. ഇതൊന്നും തങ്ങളുടെ ജോലിയല്ല എന്ന ഭാവമാണ് അവർക്ക്.

പെന്തക്കോസ്തിൽ പത്രമാസികകൾക്ക് പഞ്ഞമില്ല. പക്ഷേ ദുരുപദേശങ്ങൾക്കെതിരെ പോരാടാൻ ആരും തയ്യാറല്ല. എന്തെങ്കിലും ഒരു വിവാദം ഉണ്ടാകുമ്പോൾ അതിനെതിരെ ഒന്നോ രണ്ടോ ലേഖനം പ്രസിദ്ധീകരിക്കും. അതു കഴിഞ്ഞ് ആ പ്രശ്നം മറക്കും. ഇതാണ് പെന്തക്കോസ്ത് പത്രങ്ങൾ ചെയ്യുന്നത്.

ദുർന്നടപ്പ് പെന്തക്കോസ്തിൽ പാപമല്ലാതായിട്ട് നാളേറെയായി. പ്രസ്ഥാനങ്ങളുടെ തലപ്പത്തിരിക്കുന്നവരുടെ പ്രധാന തൊഴിൽ വ്യഭിചാരമാണെങ്കിൽ സാധാരണക്കാരായ പാസ്റ്റർമാരെ പഴിപറയുന്നതെങ്ങനെ? ഐ.പി.സിയുടെ തലപ്പത്തിരിക്കുന്ന ടി.എസ്.ഏബ്രഹാം ദുർന്നടപ്പിന്റെ ആൾരൂപമാണ്. കെ.സി.ജോൺ സ്വന്തം അമ്മായിയമ്മയെ വരെ വ്യഭിചരിച്ചു. ശാരോൻ നേതാവായ ടി.ജി.കോശി ഗർഭഛിദ്രം നടത്തി. ശാരോനിലെ സി.വി. ജോൺ സ്വന്തം മകളെ വരെ ഭാര്യയാക്കി. ഇങ്ങനെ കുറച്ച് ഏറെ പറയാനുണ്ട്. ഇതൊക്കെ ഞാൻ വെറുതെ പറയുകയാണെന്ന് ധരിക്കുന്നവരുണ്ടാകാം. പക്ഷേ ഞാൻ ഈ വിഷയങ്ങൾ ഇങ്ങനെ തുറന്നെഴുതിയിട്ടും ഒരു പെന്തക്കോസ്ത് നേതാവും എനിക്കെതിരെ മാനനഷ്ടക്കേസ്സ് കൊടുത്തിട്ടില്ല.

പെന്തക്കോസ്തിൽ അടുത്ത കാലത്തായി സോദോമ്യ പാപം ഏറെ വർദ്ധിച്ചിരിക്കുന്നു. ഈ ലജ്ജാകരമായ പാപം ചെയ്യുന്നത് സാധാരണക്കാരായ വിശ്വാസികളല്ല പാസ്റ്റർമാരാണ് എന്നത് ശ്രദ്ധേയമാണ്. ഐ.പി.സിയിലെ ബിജു ഐസക്ക് എന്ന വിദ്വാനെതിരെ ഇത്തരം ഒരു ആരോപണം ഉണ്ടായപ്പോൾ അത് ശരിയാണോ എന്ന് പരിശോധിക്കാൻ പോലും സഭാനേതൃത്വം തയ്യാറായില്ല. മാത്രമല്ല, ഈ പാപത്തിനെതിരെ ഉറച്ചു നിന്ന ദൈവദാസനെ സഭയിൽ നിന്ന് പുറത്താക്കുകയും ചെയ്തു.

മത്തായിക്കുട്ടി എന്ന കള്ളപ്രവാചകന്റെ കൈയ്യിലിരുപ്പും ഇതുതന്നെ. ഇതേപ്പറ്റി ഞാൻ പലവട്ടം വിശദമായി എഴുതി. എന്നിട്ടും എ.ജി. നേതാക്കൻമാർക്ക് കുലുക്കമില്ല. സംഭവം ശരിയാണോ എന്ന് അന്വേഷിക്കാൻ പോലും എ.ജിയിലെ ഒരു നേതാവും തയ്യാറായില്ല. അതുകൊണ്ട് മത്തായിക്കുട്ടി ഇന്നും കള്ളപ്രവചനവും സോദോമ്യ പാപവുമായി ഊരുചുറ്റുന്നു.

ഐ.പി.സിയിലെ ഒരു അസിസ്റ്റന്റ് സെന്റർ പാസ്റ്ററുടെ സോദോമ്യ ബന്ധം പരസ്യമാണ്. ഇത് പാപമാണെന്ന് അംഗീകരിക്കാൻ പോലും അയാൾ തയ്യാറല്ല. ഈ മനുഷ്യന്റെ പ്രസംഗം ബില്ലി ഗ്രഹാമിനെ തോല്പിക്കുന്ന വിധത്തിലാണ്. ഇത്ര നീചമായ ഒരു പാപം ഇയാൾ ചെയ്യുന്നു എന്നു പറഞ്ഞാൽ സകലമാന ഐ.പി.സിക്കാരും ചേർന്ന് എന്നെ കല്ലെറിയും.

ദൈവമക്കളേ, വീണ്ടും പറയട്ടെ, ഞാൻ അതീവ ദു:ഖിതനാണ്. ദൈവവചനവുമായി ഏറ്റവും പൊരുത്തപ്പെടുന്ന ഉപദേശം പെന്തക്കോസ്ത് ഉപദേശമാണ്. രക്ഷിക്കപ്പെട്ടവർക്ക് പെന്തക്കോസ്ത് ഉപദേശം സ്വീകരിക്കാതിരിക്കാൻ ആവില്ല. സ്വാഭാവികമായും അവർ പെന്തക്കോസ്തുകാർ എന്ന പേരിൽ അറിയപ്പെടും. റ്റി.എസ്.ബാലൻ എന്ന ഈയുള്ളവൻ പെന്തക്കോസ്തുകാരനാണെന്ന് പറയുന്നതും ഈ വിധത്തിലാണ്. പക്ഷേ പെന്തക്കോസ്ത് ഇന്ന് ദുരുപദേശത്തിലേക്കും ഗുരുതരമായ ദുർന്നടപ്പിലേക്കും വഴുതി വീഴുകയാണ്. ഈ നില തുടർന്നാൽ പെന്തക്കോസ്ത് സാത്താന്റെ പിടിയിലാകും. ഈ ദുർവ്വിധിയോർത്താണ് ഞാൻ ദു:ഖിക്കുന്നത്.

# ഡിഫെൻഡർ മറുപടി പറയുന്നു

? ഡാവിഞ്ചി കോഡ് ഏറെ വിവാദമായിരിക്കുന്ന സമയമാണിത്. വിവാദ വിഷയങ്ങളേക്കുറിച്ച് ഡിഫെൻഡർ സാധാരണയായി എഴുതാറുമുണ്ട്. എന്നിട്ടും ഈ വിഷയത്തേക്കുറിച്ച് ഡിഫെൻഡർ ഒന്നും എഴുതി കണ്ടില്ലല്ലോ. എന്താണ് കാരണം?

■ ഡാവിഞ്ചി കോഡിനേക്കുറിച്ച് ആദ്യം എഴുതിയ മലയാള പത്രം ഡിഫെൻഡറാണ്. മൂന്നു വർഷം മുൻപ് ഈ പുസ്തകത്തിന്റെ ചിത്രം സഹിതം ഡിഫെൻഡർ ഈ വിഷയത്തേക്കുറിച്ച് എഴുതി. ഈ നോവൽ വിവാദമാകുമെന്നാണ് അന്ന് ഡിഫെൻഡർ എഴുതിയത്. പക്ഷേ ആരും അത് കാര്യമായെടുത്തില്ല. പക്ഷേ ഇപ്പോഴിതാ ഡിഫെൻഡർ പറഞ്ഞതുപോലെ സംഭവിച്ചിരിക്കുന്നു. ഡാവിഞ്ചി കോഡ് വിവാദമായിരിക്കുന്നു.

ജനങ്ങൾക്ക് രസിക്കുന്ന കാര്യങ്ങൾ എഴുതി പത്രത്തിന്റെ പ്രചാരം വർദ്ധിപ്പിക്കുക എന്നതിൽ കവിഞ്ഞ ഒരു ലക്ഷ്യവും പെന്തക്കോസ്ത് പത്രങ്ങൾക്കില്ല. വരാൻ പോകുന്ന ആപത്തുകൾ മുൻകൂട്ടി കണ്ട് ദൈവമക്കൾക്കു മുന്നറിയിപ്പു കൊടുക്കാൻ ഈ പത്രങ്ങൾക്ക് കഴിയുന്നുമില്ല. ഡാവിഞ്ചി കോഡ് വിവാദമാകുമെന്ന് മുൻകൂട്ടി കാണാൻ ഇവർക്ക് കഴിഞ്ഞില്ല. എന്തിനേറെ പറയുന്നു, ഇങ്ങനെ ഒരു പുസ്തകം ഇറങ്ങിയതുപോലും അവർ അടുത്ത കാലത്താണ് അറിഞ്ഞത്.

വിവാദം കത്തി നിൽക്കുന്ന ഈ സമയത്ത് എന്തെങ്കിലുമൊക്കെ എഴുതി ഷൈൻ ചെയ്യാൻ പെന്തക്കോസ്ത് പത്രങ്ങൾ തിടുക്കം കൂട്ടുകയാണ്. ''ഒരുത്തൻ ഇങ്ങനേയും മറ്റൊരുത്തൻ അങ്ങനേയും ആർത്തു'' എന്നു പറഞ്ഞതുപോലെയാണ് സ്ഥിതി. ഈ പുസ്തകം വായിക്കയോ ഈ സിനിമ കാണുകയോ ചെയ്യാതെയാണ് ഭൂരിപക്ഷം ആളുകളും ഇതേപ്പറ്റി എഴുതുന്നത്. വിവാദം അവസാനിക്കുന്നതോടെ ഇത്തരക്കാരുടെ ആവേശവും തീരും.




കർത്താവായ യേശുക്രിസ്തുവിനെതിരെ സാത്താൻ അപവാദപ്രചരണം നടത്തുന്നത് ആദ്യമായല്ല. യേശു ദുരാത്മാവ് ബാധിച്ചവനാണെന്ന് യേശുവിന്റെ മുഖത്തുനോക്കി പറയാൻ ആളുണ്ടായി. പച്ച കള്ളങ്ങൾ പറഞ്ഞാണ് അവർ യേശുവിനെ ക്രൂശിച്ചത്. കള്ളസാക്ഷികൾ പറയാൻ ആളുണ്ടായി. ശിഷ്യൻമാർ യേശുവിന്റെ ശരീരം കല്ലറയിൽ നിന്ന് മോഷ്ടിച്ചെന്നുവരെ കഥയുണ്ടാക്കി. പക്ഷേ ദൈവീക പദ്ധതികൾ നിഷ്ഫലമാക്കാൻ സാത്താന് കഴിഞ്ഞില്ല.

യേശു ദുർന്നടപ്പുകാരനായിരുന്നു എന്ന് വരുത്തി തീർക്കാൻ സാത്താൻ എന്നും ശ്രമിച്ചിരുന്നു. യേശുവിന് ഭാര്യയും മക്കളും ഉണ്ടായിരുന്നു എന്ന് ആരോപിക്കുന്ന ഗ്രന്ഥങ്ങൾ നിരവധി. യേശു കാശ്മീരിൽ എത്തിയെന്നും അവിടെ വച്ചാണ് മരിച്ചതെന്നും കഥയുണ്ട്. യേശുവിന്റേത് എന്ന് പറയപ്പെടുന്ന കല്ലറവരെ കാശ്മീരിലുണ്ട്. ക്രിസ്തു ജീവിച്ചിരുന്നിട്ടേയില്ല എന്നുപോലും പറയുന്നവരുണ്ട്. എന്നിട്ടും ദൈവസഭ നശിച്ചിട്ടില്ലെന്നു മാത്രമല്ല അനുദിനം വളരുകയുമാണ്.

ഡാവിഞ്ചി കോഡിൽ പറയുന്ന കാര്യങ്ങൾ ശുദ്ധ അസംബന്ധമാണ്. ഗ്രന്ഥകാരന്റെ ഭാവനയിൽ ഉരുത്തിരിഞ്ഞ കാര്യങ്ങൾ ചരിത്രമെന്ന രീതിയിൽ അവതരിപ്പിച്ചിരിക്കയാണ്. എങ്കിലും ഇതൊക്കെ വിശ്വസിക്കാനും ആളുണ്ടാകും. ഇടർച്ച വരേണ്ടത് ആവശ്യം തന്നെ. ഡാൻ ബ്രൗൺ എഴുതിയ നോവൽ വിശ്വസിക്കുന്നവർ ഭാര്യയും മക്കളുമുള്ള യേശുവിനെ വിശ്വസിക്കട്ടെ. ജീവനുള്ള ദൈവത്തിന്റെ വചനമായ ബൈബിൾ വിശ്വസിക്കുന്നവർ ബൈബിളിലെ യേശുവിനെ വിശ്വസിക്കട്ടെ. എന്തും വിശ്വസിക്കാനുള്ള അവകാശം മനുഷ്യർക്കുണ്ട്. അന്യന്റെ അവകാശത്തിൽ കൈകടത്തേണ്ട ആവശ്യമില്ല.

ഡാൻ ബ്രൗൺ അഞ്ചു വർഷം മുൻപ് Angels and Demons എന്നൊരു പുസ്തകവും എഴുതിയിരുന്നു. ഈ പുസ്തകത്തിലും ക്രിസ്തുവിനേക്കുറിച്ച് അടിസ്ഥാന രഹിതമായ നിരവധി പരാമർശങ്ങളുണ്ട്. എങ്കിലും ഇത് ഏറെയൊന്നും വിവാദമായില്ല എന്നുമാത്രം.

അനാവശ്യ വിവാദങ്ങൾ ഉണ്ടായതുകൊണ്ടു മാത്രമാണ് പറയത്തക്ക സാഹിത്യമൂല്യമൊന്നും ഇല്ലാത്ത ഈ ഗ്രന്ഥത്തിന് ഇത്ര കുപ്രസിദ്ധി ലഭിച്ചത്. വെളുക്കാൻ തേച്ചത് പാണ്ടായി എന്നു പറഞ്ഞതുപോലെ ഈ പുസ്തകത്തെ എതിർത്ത് വിവാദം ഉണ്ടാക്കിയതാണ് പ്രശ്നമായത്.

കർത്താവായ യേശുക്രിസ്തുവിനെ രക്ഷിച്ചേ അടങ്ങൂ എന്ന വാശിയിൽ ഇറങ്ങിത്തിരിച്ചിരിക്കുന്നവരുടെ ഉദ്ദേശ്യശുദ്ധിയിൽ ഡിഫെൻഡറിന് സംശയമുണ്ട്. കലക്ക വെള്ളത്തിൽ മീൻ പിടിക്കുന്നു എന്നു പറഞ്ഞതുപോലെ, വിവാദത്തിനിടയിൽ അല്പം പ്രശസ്തി തങ്ങൾക്കും നേടിയെടുക്കാം എന്നതു മാത്രമാണ് ഇവരുടെ ലക്ഷ്യം. ഏതാനും വർഷം മുൻപ് ഉണ്ടായ അപ്പോക്രിഫ വിവാദം ഉദാഹരണമായെടുക്കാം. എന്തൊരു കോലാഹലമായിരുന്നു ആയിടയ്ക്ക്. ഇപ്പോൾ ഇതേപ്പറ്റി ആരും മിണ്ടുന്നില്ല. ആറാംതിരുമുറിവ് പ്രശ്നവും ഈ വിധത്തിലുള്ളതായിരുന്നു.



ഡാൻ ബ്രൗൺ (ഗ്രന്ഥകാരൻ)

ഒഴുക്കിന് അനുസരിച്ച് തുഴയാൻ എളുപ്പമാണ്. വിവാദമുണ്ടാകുമ്പോൾ വിശ്വാസ സംരക്ഷകരുടെ വേഷം കെട്ടിയാൽ പലവിധത്തിലുള്ള നേട്ടങ്ങളുണ്ടാകും. പക്ഷേ അത്തരത്തിലുള്ള നേട്ടങ്ങൾ കൈവരിക്കാൻ ഡിഫെൻഡറിന് താല്പര്യമില്ല. എതിർക്കേണ്ട കാര്യങ്ങളെ ഡിഫെൻഡർ എന്നും എതിർക്കും. മറ്റുള്ളവർ എതിർത്തതുകൊണ്ട് ഡിഫെൻഡറും എതിർത്തേക്കാം എന്ന് കരുതാറില്ല. കർത്താവായ യേശുക്രിസ്തു ലോക രക്ഷകനാണ്. യേശുവിനെ ആരും രക്ഷിക്കേണ്ടതില്ല.

# റോക്ക് സംഗീതവും ചില വസ്തുതകളും

ആത്മീയ പരിവേഷം നൽകിയാൽ എത്ര വലിയ ദുരുപദേശവും ആത്മീയ ലോകത്ത് സ്വീകാര്യമാകും. വിവേചനവരമില്ലാത്ത സാധാരണക്കാരെ വഞ്ചിക്കാൻ സാത്താന് വലിയ ബുദ്ധിമുട്ട് ഉണ്ടാകാറില്ല. ക്രിസ്ത്യൻ റോക്ക് എന്ന പേരിൽ സാത്താന്യ സംഗീതം ആത്മീയ ലോകത്ത് വേരുറപ്പിക്കുന്നതും ഈ വിധത്തിലാണ്. റോക്ക് സംഗീതത്തിന് സാത്താനിസവുമായുള്ള ബന്ധം മിക്കവർക്കും അറിഞ്ഞുകൂടാ.

റോക്ക് സംഗീതം ഉത്ഭവിച്ചിട്ട് അര നൂറ്റാണ്ടിൽ ഏറെയായി. ജാസ്, നീഗ്രോ ബ്ലൂസ് എന്നിവയുടെ ഒരു സങ്കരമാണ് റോക്ക് സംഗീതം എന്ന് സാമാന്യമായി പറയാം. സംഗീതോപകരണങ്ങളുടെ ഒരു കോലാഹലമാണ് റോക്ക്. റിഥം ആന്റ് ബ്ലൂസ് എന്ന പേരിലാണ് ആദ്യ കാലത്ത് റോക്ക് സംഗീതം അറിയപ്പെട്ടിരുന്നത്. 1951ൽ അലൻ ഫ്രീഡ് എന്ന വ്യക്തിയാണ് റോക്ക് ആന്റ് റോൾ എന്ന പേരിട്ടത്. റോക്ക് എറൗണ്ട് ദ ക്ലോക്ക് എന്ന റിക്കോഡിന്റെ വിജയത്തോടെ റോക്ക് സംഗീതം ജനപ്രിയമായി.

പഴഞ്ചൻ ജീവിത ശൈലിയോടുള്ള യുവജനങ്ങളുടെ പ്രതിഷേധമാണ് റോക്ക് എന്ന് പൊതുവെ പറയാറുണ്ട്. നിഷേധാത്മക നിലപാടുകളാണ് റോക്കിന്റെ മുഖമുദ്ര. മദ്യം, മയക്കുമരുന്ന്, ലൈംഗികത, ദൈവനിഷേധം തുടങ്ങിയവയുമായി റോക്ക് അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. Rock is sex എന്നത് ലോകമെങ്ങും അംഗീകരിച്ച സിദ്ധാന്തമാണ്. റോക്ക് ഗായകരുടെ സ്വകാര്യ ജീവിതം പരിശോധിച്ചാലും ഈ വസ്തുതകൾ മനസ്സിലാക്കാൻ കഴിയും.

സംഗീതത്തിന് മനുഷ്യമനസ്സിനെ സ്വാധീനിക്കാൻ ശക്തിയുണ്ട്. സംഗീതം ചികിത്സയ്ക്കുപോലും ഉപയോഗിക്കാമെന്ന് അഭിപ്രായമുണ്ട്. നല്ല സംഗീതം മനസ്സിന് കുളിർമ്മയും ഉൻമേഷവും നൽകുന്നു. അതേസമയം ചീത്ത സംഗീതം വിപരീത ഫലം ഉളവാക്കുകയും ചെയ്യും. റോക്ക് സംഗീതം ശ്രോതാക്കളിൽ വിപരീത ഫലമാണ് ഉളവാക്കുന്നത്. റോക്ക് ഒരുതരം അഡിക്ഷൻ ഉണ്ടാക്കുന്നു. മയക്കുമരുന്നിലേക്കും കുത്തഴിഞ്ഞ ജീവിതചര്യകളിലേക്കും റോക്ക് നയിക്കുന്നു. കേൾക്കുക എന്നതിനേക്കാൾ അനുഭവിക്കുക എന്നതിനാണ് റോക്ക് പ്രാധാന്യം നൽകുന്നത്. ലൈംഗികതയുടെ അതിപ്രസരമുള്ള വരികളാണ് റോക്ക് സംഗീതത്തിൽ ഉപയോഗിക്കുന്നത് എന്ന വസ്തുതയും ശ്രദ്ധേയമാണ്. വിവാഹേതര ബന്ധങ്ങൾ റോക്കിന് സ്വീകാര്യമാണ്. മൂല്യങ്ങൾക്ക് റോക്കിൽ സ്ഥാനമില്ല.

സാത്താന്യ സംഗീതമായ റോക്കിന് ആത്മീയ പരിവേഷം നൽകാനുള്ള ശ്രമം ലോകമെമ്പാടും നടന്നുവരുന്നു. ദൈവമക്കളെ റോക്കിന്റെ സ്വാധീനത്തിൽ ആക്കിയാൽ സാത്താനിസത്തിലേക്ക് ആകർഷിക്കാൻ എളുപ്പമാണ്. അതിനുള്ള പദ്ധതിയാണ് പിശാച് ഒരുക്കുന്നത്.

ബൈബിളുമായി ഒരു വിധത്തിലും പൊരുത്തപ്പെടുന്ന ആശയങ്ങളല്ല റോക്കിനുള്ളത്. അനിയന്ത്രിതമായ ലൈംഗികത, മയക്കുമരുന്നുകളുടെ ദുരുപയോഗം, നിയമനിഷേധം, കുത്തഴിഞ്ഞ ജീവിതം തുടങ്ങിയവ ആത്മീയതയുടെ നേർവിപരീതമാണ്. എങ്കിലും യുവജനങ്ങളുടെ ഹരമായ റോക്കിനെ ക്രൈസ്തവ വത്ക്കരിക്കുന്നതിലൂടെ യുവജനങ്ങളെ ക്രിസ്തുവിലേക്ക് ആകർഷിക്കാം എന്നാണ് വാദം. യുവാക്കളെ ക്രിസ്തുവിങ്കലേക്ക് ആകർഷിക്കാൻ നിർമ്മല സുവിശേഷത്തിന് ഇന്നും ശക്തിയുണ്ടെന്ന് ഇവർ മറക്കുന്നു. സാത്താന്യ സംഗീതത്തിന്റെ സഹായത്തോടെയല്ല യുവാക്കളെ ക്രിസ്തുവിങ്കലേക്ക് ആകർഷിക്കേണ്ടത്.

ക്രിസ്ത്യൻ റോക്ക് മതേതര റോക്കിന്റെ വകഭേദം തന്നെയാണ്. ആത്മീയതയുമായി ഒരു വിധത്തിലും പൊരുത്തപ്പെടാത്ത സംഗീതവും നൃത്തവും ഒക്കെ ക്രിസ്ത്യൻ റോക്കിലുമുണ്ട്. ഒറ്റനോട്ടത്തിൽ ആത്മീയമെന്ന് തോന്നിക്കുന്ന പലതും ക്രിസ്ത്യൻ റോക്കിൽ ഉണ്ടെങ്കിലും മനുഷ്യന്റെ പാപസ്വഭാവം, രക്ഷയുടെ ആവശ്യകത, യേശുക്രിസ്തുവിന്റെ പരമയാഗം, വീണ്ടെടുപ്പ്, രക്ഷ, നിത്യസന്തോഷം, നിത്യശിക്ഷാവിധി തുടങ്ങിയവയൊക്കെ ക്രിസ്ത്യൻ റോക്ക് കണ്ടില്ലെന്നു നടിക്കും. വചനപരിജ്ഞാനമില്ലാത്തവർക്ക് മോഹനമെന്ന് തോന്നുന്ന ആശയങ്ങൾ മാത്രമാണ് ക്രിസ്ത്യൻ റോക്കിൽ ഉണ്ടാകുക.







ഉദാഹരണമായി, Jesus Christ, Superstar എന്ന റോക്ക് ഓപ്പെറ ശ്രദ്ധിക്കുക. യേശുക്രിസ്തുവിനെയും മഗ്ദലന മറിയത്തേയും ഒക്കെ ഇവിടെ കാണാം. വചനപരിജ്ഞാനമില്ലാത്തവർക്ക് ഇത് ആകർഷകമായി തോന്നിയെന്നും വരാം. പക്ഷേ ബൈബിളിലെ യേശുവല്ല ഇവിടെയുള്ളത്. നിരാശനായി അലഞ്ഞു തിരിയുന്ന ഒരു യേശുവിനെയാണ് ഇവിടെ കാണുന്നത്. വേശ്യയായ മഗ്ദലന മറിയത്തേയും കാണാം.

മത്തായിയുടെ സുവിശേഷത്തെ ആധാരമാക്കി നിർമ്മിച്ചതെന്ന് പറയപ്പെടുന്ന Godspell യേശുവിനെ കോമാളിവേഷം കെട്ടിക്കുന്നു. സൂപ്പർമാൻ ഷർട്ടുമിട്ട് യൂദാസിനോടൊപ്പം നൃത്തം ചവിട്ടുന്ന യേശു ഏതായാലും കർത്താവായ യേശുക്രിസ്തുവല്ല.

പാശ്ചാത്യ നാടുകളിൽ പൊട്ടിമുളയ്ക്കുന്ന ഏതു ദുരുപദേശവും ഇന്ത്യയിലെത്തും. വിവേചനവരമില്ലാത്ത ആയിരങ്ങളെ ഇവ വഴിതെറ്റിക്കയും ചെയ്യും. ക്രിസ്ത്യൻ റോക്ക് എന്ന സാത്താന്യ സംഗീതം ഇപ്പോൾ കേരളത്തിലെ ദൈവമക്കളുടെ ഇടയിലും പ്രചരിച്ചുകൊണ്ടിരിക്കുന്നു. റോക്ക് ഗായകരായ ചിലർ മാനസാന്തരപ്പെട്ടെന്നും ഇവർ റോക്കിലൂടെ സുവിശേഷം പ്രചരിപ്പിക്കയാണെന്നും ഒക്കെയാണ് പ്രചരണം. മാനസാന്തരപ്പെട്ട വേശ്യ ഇപ്പോൾ വേശ്യാവൃത്തിയിലൂടെ സുവിശേഷം പ്രചരിപ്പിക്കുന്നു എന്നു പറയുന്നതുപോലെയുള്ള വാദമാണിത്. മാനസാന്തരപ്പെട്ട മന്ത്രവാദി സുവിശേഷം പ്രചരിപ്പിക്കേണ്ടത് മന്ത്രവാദത്തിലൂടെയല്ല. റോക്ക് ഗായകർ മാനസാന്തരപ്പെട്ടാൽ ദൈവവചനാനുസൃതമായ മാർഗ്ഗങ്ങളിലൂടെ സുവിശേഷം പ്രചരിപ്പിക്കണം. റോക്ക് സംഗീതവും ആത്മീയതയും യോജിച്ചു പോകയില്ല.

കരുണാമയനായ യേശുവിനെ വാഴ്ത്തുന്നു എന്ന ഭാവത്തിൽ പടച്ചുവിട്ട ഒരു സംഗീതസൃഷ്ടി ഈയിടെ ചവർ ചാനലിൽ കാണാൻ കഴിഞ്ഞു. ഒരു പെൺകുട്ടിയെ കാണാതായതും തിരികെ കിട്ടുന്നതുമൊക്കെയാണ് ഇതിവൃത്തം. തോളിൽ പച്ചകുത്തിയ ഒരു ഭീകരനേയും പുകവലിക്കുന്ന സ്ത്രീയേയും ഒക്കെ കാണാം. മദ്യശാല ഉൾപ്പെടെ വേണ്ടപ്പെട്ടതെല്ലാം പശ്ചാത്തലത്തിൽ ഒരുക്കിയിട്ടുമുണ്ട്. ആത്മീയതയുമായി പുലബന്ധം പോലുമില്ലാത്ത ദൃശ്യാവിഷ്ക്കാരത്തോടൊപ്പം "കരുണാമയനേ" എന്ന് അലറിയാൽ ആത്മീയ ഗാനമാകുന്നതെങ്ങനെയാണാവോ.

ഒറ്റ നോട്ടത്തിൽ ആകർഷകമായി തോന്നുന്നു എന്ന ഒറ്റ കാരണത്താൽ എന്തും ഏതും സ്വീകരിക്കുന്നത് സൂക്ഷിച്ചു വേണം. സാത്താന്റെ തന്ത്രങ്ങളെ അറിയാത്തവരല്ലല്ലോ നാം.



# നാഗാലാന്റ് സ്മരണകൾ

ഞാൻ സ്കൂൾ ഏറ്റെടുത്തെന്നറിഞ്ഞതോടെ കുട്ടികൾക്കെല്ലാം സന്തോഷമായി. പക്ഷേ പ്രിൻസിപ്പാളിനും കൂട്ടുകാർക്കും അതൊട്ടും ഇഷ്ടമായില്ല. വല്ലവിധേനയും മന്ത്രിയേക്കൊണ്ട് തീരുമാനം മാറ്റിക്കാൻ അവർ ആവതു ശ്രമിച്ചു. എഗ്രിമെന്റ് ഒപ്പിട്ടുപോയി എന്നു മറുപടി പറഞ്ഞ് മന്ത്രി തടിതപ്പി.

സ്കൂൾ ഏറ്റെടുത്തതോടെ ഞാൻ ചില ഭരണപരിഷ്കാരങ്ങളൊക്കെ നടപ്പിലാക്കി. കാവൽ നിന്ന പോലീസിനെ പറഞ്ഞുവിട്ടു. പ്രശ്നക്കാരായ കുട്ടികളെ വിളിച്ചു വരുത്തി കാര്യങ്ങൾ ചർച്ച ചെയ്തു. മന്ത്രി ഡിസ്മിസ് ചെയ്ത കുട്ടികൾക്ക് റ്റി.സി കൊടുത്തു വിട്ടു. അവർ എന്നെ സ്നേഹിക്കയും ബഹുമാനിക്കയും ചെയ്തിരുന്നതു കൊണ്ട് പ്രശ്നമുണ്ടാക്കിയില്ല. കുട്ടികളുടെ അച്ചടക്കത്തിനാവശ്യമായ നിയമങ്ങളും ചട്ടങ്ങളും ഉണ്ടാക്കി പ്രസിദ്ധപ്പെടുത്തി. അദ്ധ്യാപകർക്കും മറ്റു ജോലിക്കാർക്കും ചില പെരുമാറ്റച്ചട്ടങ്ങളും ഉണ്ടാക്കി. ഈ വിധത്തിൽ പ്രശ്നങ്ങൾ മിക്കവാറും പരിഹരിച്ചു.

ഇത്രയെളുപ്പം ഞാൻ പ്രശ്നങ്ങൾ പരിഹരിച്ചത് പ്രിൻസിപ്പാളിനും മറ്റും ഇഷ്ടമായില്ല. മാത്രമല്ല എന്റെ കീഴിൽ ജോലി ചെയ്യുന്നത് മാനക്കേടായും അവർക്ക് തോന്നി. അതുകൊണ്ട് പ്രിൻസിപ്പാളും ക്ലാർക്കും ജോലി രാജിവച്ചു. അതോടെ അവരോടു ബന്ധമുള്ള മറ്റു പലരും രാജിവച്ചു. ഞാൻ പ്രിൻസിപ്പാളിന്റെ ജോലി ഏറ്റെടുത്തു. കൂടാതെ ക്ലാർക്ക്, ടൈപ്പിസ്റ്റ് തുടങ്ങിയവർ ചെയ്യേണ്ട ജോലിയും തന്നത്താൻ ചെയ്യുവാൻ തീരുമാനിച്ചു. പച്ചക്കറിത്തള്ളയെ പറഞ്ഞുവിട്ടു. മുറുക്കുകാരിയോട് അടുത്ത അദ്ധ്യയന വർഷം മുതൽ മറ്റ് ജോലിയെന്തെങ്കിലും ചെയ്യേണ്ടിവരുമെന്ന് അറിയിക്കയും ചെയ്തു. വാർഡനു മന്ത്രി മുഖാന്തരം ഒരു ജോലി തരപ്പെട്ടതുകൊണ്ട് അയാൾ പിരിഞ്ഞുപോയി. കഴിവുകെട്ട ചില അദ്ധ്യാപകരോട് മദ്ധ്യവേനലവധി കഴിഞ്ഞ് ജോലിക്കു വരേണ്ടതില്ലെന്നറിയിക്കയും ചെയ്തു.

പുതുതായി ഒഴിവുവന്ന ജോലികൾക്കെല്ലാം മലയാളികളെ കണ്ടെത്തി. കുറച്ചധികം മലയാളികളെ നിയമിച്ചു. ഞാൻ അഡ്മിനിസ്ട്രേറ്ററായിരുന്ന കാലം മുതൽ തന്നെ മലയാളികളെ നിയമിക്കാറുണ്ടായിരുന്നു. തികച്ചും മാനുഷിക പരിഗണനയായിരുന്നു ഇതിന്റെ പിന്നിലുണ്ടായിരുന്നത്. ഞാൻ ജോലി തേടി നാഗാലാന്റിലെത്തിയ കാലം എന്റെ കൺമുമ്പിൽ നിന്നും മറഞ്ഞിരുന്നില്ല. അന്ന് എന്നോട് കരുണ കാണിക്കാൻ ചില മലയാളികളുണ്ടായിരുന്നു.



നാഗാ ഗ്രാമങ്ങളിലെ വീടുകൾ ഈ വിധത്തിലുള്ളവയാണ്

അവർ ചെയ്തുതന്ന ഉപകാരങ്ങൾ എന്നും ഞാൻ നന്ദിയോടെ ഓർക്കുകയും ചെയ്യും. മറ്റു മലയാളികളും എന്നെപ്പോലെയാണെന്നു ഞാൻ ധരിച്ചു. ഞാൻ അവരെ സഹായിച്ചാൽ അവർ എന്നോട് നന്ദിയുള്ളവരായിരിക്കുമെന്നാണ് ഞാൻ അന്നു കരുതിയിരുന്നത്. ഞാൻ ജോലിക്കെടുത്തവർ മിക്കവരും ഇതര സ്കൂളുകളിൽ കയറിപ്പറ്റാൻ ഇടയില്ലാത്തവരായിരുന്നു.

മറുനാടൻ മലയാളിക്ക് ഏറ്റവും ദോഷം ചെയ്യുന്നത് മലയാളി തന്നെയായിരിക്കുമെന്നറിഞ്ഞിരുന്നെങ്കിൽ ഇത്തരമൊരു വിഡ്ഢിത്തം ഞാൻ പ്രവർത്തിക്കുമായിരുന്നില്ല. ഞാൻ ഇവർക്ക് ചെയ്ത ഉപകാരങ്ങൾക്ക് ഇവർ എപ്രകാരം പകരം ചെയ്തുവെന്ന് വിവരിക്കുവാൻ ആഗ്രഹമുണ്ടെങ്കിലും ഇപ്പോൾ അതിനു തുനിയുന്നില്ല. അത് ഒരു അടഞ്ഞ അദ്ധ്യായമായി കിടക്കട്ടെ. മനുഷ്യന്റെ നന്ദിഹീനത എത്ര ഭയങ്കരമെന്ന് അനുഭവത്തിലൂടെ ഞാൻ മനസ്സിലാക്കിയത് ഇവരിൽ നിന്നാണെന്നു മാത്രം പറഞ്ഞുകൊള്ളുന്നു.

സ്കൂൾ ഏറ്റെടുത്തതിനുശേഷമുള്ള ചില മാസങ്ങൾ ബുദ്ധിമുട്ടുനിറഞ്ഞതായിരുന്നു. മുൻകാലങ്ങളിൽ പലരും ചെയ്തു വച്ചതിന്റെയൊക്കെ ഫലം അനുഭവിക്കേണ്ടി വന്നത് ഞാനാണ്. എങ്കിലും ചില മാസങ്ങൾ കൊണ്ട് എല്ലാം ക്രമത്തിലാക്കി. ആവശ്യമായ രേഖകളെല്ലാം ക്രമീകരിച്ചു. അദ്ധ്യാപകരുടേയും മറ്റു ജോലിക്കാരുടേയും ശമ്പളത്തിനും മറ്റു ചില വ്യവസ്ഥകളെല്ലാം ഉണ്ടാക്കി. എടുക്കാവുന്ന ലീവുകൾക്കും ചില പരിധികൾ വെച്ചു. ഹോസ്റ്റലിലെ ഭക്ഷണത്തിന്റേയും മറ്റും അളവും ഗുണവും മെച്ചപ്പെടുത്തി. കുട്ടികൾക്കാവശ്യമുള്ള പല സൗകര്യങ്ങളും ക്രമീകരിച്ചു കൊടുത്തു.

ഭൂമിയിലെ കല്പവൃക്ഷമാണ് തെങ്ങ് എന്നാണ് കേരളീയർ പറയുക. പക്ഷേ നാഗനെ സംബന്ധിച്ചിടത്തോളം 'മുള'യാണ് കല്പവൃക്ഷം. തെങ്ങിന്റെ എല്ലാ ഭാഗങ്ങളും നമുക്ക് ഉപയോഗമുള്ളതുപോലെ മുളയുടെ എല്ലാഭാഗങ്ങളും അവർക്ക് ഉപയോഗിക്കാനറിയാം. തെങ്ങില്ലാത്ത കേരളം നമുക്കു സങ്കല്പിക്കുവാനാകുമോ? മുളയില്ലാത്ത നാഗാലാന്റ് അവർക്കും സങ്കല്പിക്കാൻ പോലുമാവില്ല.

ഗ്രാമങ്ങളിൽ വീടുണ്ടാക്കുവാൻ മുള ഉപയോഗിക്കുന്നു. കഴുക്കോൽ, തൂൺ, പട്ടിക തുടങ്ങിയവയും മുളകൊണ്ട് ഉണ്ടാക്കും. ഭിത്തിക്കു പകരം മുള കീറി മെടഞ്ഞും ഉപയോഗിക്കും. വാതിലും മുളകൊണ്ടു തന്നെ. അരിവാൾ, വെട്ടുകത്തി തുടങ്ങിയവയുടെ പിടിയും മുളകൊണ്ടുണ്ടാക്കാം. മുളകൊണ്ടു പരമ്പ്, കുട്ട തുടങ്ങിയവയും ഉണ്ടാക്കാറുണ്ട്. മുള മുറിച്ച് ചെത്തി വെടിപ്പാക്കി കപ്പ്, സ്പൂൺ, തവി തുടങ്ങിയവയുണ്ടാക്കുന്ന പണിക്കാർ എല്ലാ ഗ്രാമത്തിലുമുണ്ടായിരിക്കും. വണ്ണമുള്ള മുള മുറിച്ചെടുത്ത് അതിലാണ് വെള്ളം കൊണ്ടുവരുന്നത്. ഭക്ഷണസാധനങ്ങൾ കേടുകൂടാതെ സൂക്ഷിച്ചുവയ്ക്കുന്നതിനും മുള ഉപയോഗിക്കുന്നു. പുഴുത്ത മീനും മുളകും പയറുമെല്ലാം ഇട്ട് സേമാക്കാർ ഉണ്ടാക്കുന്ന 'അക്കുണി' എന്ന ദുർഗന്ധ ചമ്മന്തി മുളയ്ക്കുള്ളിലാണ് സൂക്ഷിക്കുക. മീൻ, ഇറച്ചി തുടങ്ങിയവ ചന്തയിൽനിന്നും മുളനാരിൽ കോർത്ത് വാങ്ങിക്കൊണ്ടു പോകാം. മുളയുടെ പുറംപൊളി നവജാത ശിശുക്കളുടെ പൊക്കിൾ മുറിക്കാൻ ഉതകുന്നു. മുളയുടെ കൂമ്പ് ഇടിച്ചു പിഴിഞ്ഞെടുക്കുന്ന നീരും പിശിടും 'ബാസ്തിങ്ങ' എന്ന പേരിൽ അറിയപ്പെടുന്നു. ദുർഗന്ധ രാജനായ ഇവൻ ചേരാത്ത കറികൾ വിരളം. ഇങ്ങനെ എണ്ണിയാലൊടുങ്ങാത്ത ഉപയോഗങ്ങളാണ് മുളയ്ക്കുള്ളത്.

മിക്കജോലികളും ചെയ്യാൻ നാഗനറിയാം. ആശാരി, മൂശാരി, കൊല്ലൻ, ബാർബർ തുടങ്ങിയവരെല്ലാം ചെയ്യുന്ന പണികൾ ഇവർ ചെയ്യും. പക്ഷേ ഒറ്റ നാഗൻ പോലും ബാർബർ ഷോപ്പ് നടത്തുന്നില്ല. ബീഹാറികളാണ് സാധാരണയായി ബാർബർ ഷോപ്പ് നടത്തുന്നത്. ഞാൻ സാനീസിലായിരുന്ന കാലത്ത് മുടി വെട്ടിച്ചിരുന്നത് വൊക്കയിലാണ്. എന്റെ കുട്ടികളുടെ മുടി ഞാൻ തന്നെ വെട്ടാൻ ഒരു ശ്രമം നടത്താതിരുന്നില്ല. പക്ഷേ ശബരിമലയിലുള്ളതിലധികം നടകൾ അവരുടെ തലയിൽ നിർമ്മിക്കാനല്ലാതെ മറ്റൊന്നും എനിക്കു കഴിഞ്ഞില്ല. സഹികെട്ട കുട്ടികൾ എന്റെ അറിവോ സമ്മതമോ കൂടാതെ ഏതോ നാഗന്റെ സഹായത്താൽ എന്റെ കലാസൃഷ്ടി നശിപ്പിച്ചു. പിന്നീടുള്ള കാലം അവർ പ്രസ്തുത നാഗന്റെ കൃപയിൽ ആശ്രയിച്ചു പോന്നു. ദിമാപൂരിൽ ധാരാളം ബാർബർ ഷോപ്പുകൾ ഉള്ളതിനാൽ ഇത്തരം പ്രശ്നങ്ങളൊന്നുമില്ല.

മുൻകാലങ്ങളിൽ നാഗന്മാർ മുടിവെട്ടിയിരുന്നതും ഇപ്പോഴും ചിലർ വെട്ടുന്നതും ഒരു പ്രത്യേതക രീതിയിലാണ്. തലയിലൊരു ചട്ടി കമിഴ്ത്തിവച്ചാലെങ്ങനെയിരിക്കുമോ അങ്ങനെയാണത്. ചെവിക്കുമുകൾഭാഗത്തിലൂടെ തലയ്ക്കു ചുറ്റും ഒരു വട്ടം വരച്ച് അതിനു താഴെയുള്ള മുടി വടിച്ചു കളയും. അത്ര തന്നെ. വെട്ടുകത്തി തേച്ചു മിനുക്കിയെടുത്താണ് മുടിവെട്ടുക. പണ്ടു കാലത്ത് സ്ത്രീകളായിരുന്നു ഇപ്രകാരം പുരുഷന്റെ മുടി വെട്ടിയിരുന്നത്. ചുണ്ടില്ലാത്ത ഒരു തരം വെട്ടുകത്തി (ദവ്) ആണ് ഇതിനുപയോഗിക്കുക.

നാഗന്മാർ എത്ര ദരിദ്രരായാലും ഭിക്ഷയെടുക്കില്ല. ദിമാപൂരിൽ പുറത്തുനിന്നെത്തിയ ഭിക്ഷക്കാരുള്ളതല്ലാതെ നാഗാലാന്റിലെങ്ങും ഭിക്ഷക്കാരെ കാണാനുമില്ല. ഓട്ടോ, ടാക്സി തുടങ്ങിയവ ഓടിക്കുന്നതിൽ നാഗനു മടിയില്ല. പക്ഷേ സൈക്കിൾ റിക്ഷ ചവിട്ടുന്ന നാഗനെ കാണാൻ സാദ്ധ്യമല്ല.

ദേശവാളികൾ എന്നു വിളിക്കപ്പെടുന്ന ബീഹാറികൾ, ബംഗ്ലാദേശികൾ തുടങ്ങിയവരാണ് മറ്റാരും ചെയ്യാൻ തയ്യാറാകാത്ത ജോലികളെല്ലാം ചെയ്യുന്നത്. തോട്ടികൾ, റിക്ഷാ ചവിട്ടുകാർ, ബാർബർ, അലക്കുകാർ തുടങ്ങിയവരെല്ലാം ഇത്തരക്കാരാണ്.

കേരളീയരുടെ ഇഷ്ടവിനോദമെന്ത് എന്നു ചോദിച്ചാൽ 'ആത്മഹത്യ' എന്നു സംശയം കൂടാതെ പറയാവുന്ന സ്ഥിതിയാണ് ഇന്നുള്ളത്. ജാതി, മതം, പ്രായം തുടങ്ങിയ വ്യത്യാസങ്ങളൊന്നും കൂടാതെ എല്ലാ കേരളീയരും ആത്മഹത്യയെന്ന ഹോബിക്ക് അടിമകളായിക്കഴിഞ്ഞിരിക്കുന്നു. എന്നാൽ നാഗൻ ആത്മഹത്യ ചെയ്ത ചരിത്രം അധികം കേട്ടിട്ടില്ല. മരിക്കാനല്ല ജീവിക്കാനാണ് നാഗനു താല്പര്യം.

സിനിമാശാലകൾ നാഗാലാന്റിൽ കുറവാണ്. ദിമാപൂരിൽ നാലഞ്ചെണ്ണമുണ്ട്. മറ്റു പട്ടണങ്ങളിലും ഒന്നോ രണ്ടോ ഉണ്ടെങ്കിലും ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിലേതുപോലെയുള്ള നിലയിലായിട്ടില്ല. നാഗാഭാഷകളിൽ സിനിമകളൊന്നുമില്ല. നാഗാമീസിൽ ചില വീഡിയോ ചിത്രങ്ങൾ ഉണ്ടാക്കിയിട്ടുള്ളതായി പറയപ്പെടുന്നു. 'ബസ്തിമനു' (ഗ്രാമീണ മനുഷ്യൻ) എന്നൊരു നാഗാമീസ് പടവും ചിലർകൂടി നിർമ്മിച്ചിട്ടുണ്ട്. പക്ഷേ ഇവയ്ക്കൊന്നും വലിയ സ്വാധീനമോ പ്രചാരമോ ഉണ്ടായിട്ടില്ലതാനും. ഹിന്ദി സിനിമയിലും നാഗന് വലിയ കമ്പമൊന്നുമില്ല. തട്ടുപൊളിപ്പൻ ഇംഗ്ലീഷ് ചിത്രങ്ങളാണ് അവർക്കിഷ്ടം. ഇവയുടെ കാസറ്റുകൾ നാഗാലാന്റിലെങ്ങും ലഭിക്കും. മിക്ക വീടുകളിലും T.V., V.C.R തുടങ്ങിയവയുള്ളതുകൊണ്ട് ഇഷ്ടം പോലെ പടം കാണുകയുമാവാം. ഇക്കാലത്ത് കേബിൾ T.V യും പ്രചാരത്തിലായിക്കൊണ്ടിരിക്കുന്നു.

# അംഗീകാരമുള്ള നെഴ്സിംഗ് കോളേജുകൾ

## ഇന്ത്യൻ നെഴ്സിംഗ് കൗൺസിലിന്റെ അംഗീകാരമുള്ള കേരളത്തിലെ നെഴ്സിംഗ് കോളേജുകൾ

അംഗീകാരമില്ലാത്ത സ്ഥാപനങ്ങളിൽ നെഴ്സിംഗ് പഠിച്ചാൽ നെഴ്സിംഗ് കൗൺസിലിന്റെ അംഗീകാരം ലഭിക്കയില്ല. സമയവും പണവും നഷ്ടമാകും എന്ന് ചുരുക്കം. അതുകൊണ്ട് അഡ്മിഷൻ എടുക്കുന്നതിനു മുൻപ് സ്ഥാപനത്തിന് അംഗീകാരം ഉണ്ടെന്ന് ഉറപ്പു വരുത്തുക.

കേരളം, തമിഴ്നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിൽ ഇന്ത്യൻ നെഴ്സിംഗ് കൗൺസിലിന്റെ അംഗീകാരം ലഭിച്ചിട്ടുള്ള സ്ഥാപനങ്ങളുടെ ലിസ്റ്റ് താഴെ കൊടുക്കുന്നു. സംസ്ഥാന നെഴ്സിംഗ് കൗൺസിലിന്റെ അംഗീകാരം മാത്രമുള്ളതും ഭാവിയിൽ ഐ.എൻസി. അംഗീകാരം ലഭിക്കാൻ സാദ്ധ്യതയുള്ളതുമായ സ്ഥാപനങ്ങളുടെ പേര് ഇതിൽ ഉൾപ്പെടുത്തിയിട്ടില്ല.

### ALAPPUZHA

S.H General Hospital, Green Garden, Cherthala
K. Velayudhan Memorial Hospital, Cherthala
St. Thomsas Mission Hospital, Kattanam
S.N.M.M General Hospital, Chethala
V.S.M Hospital, Thattaramplam, Mavelikkara
Lourdes Matha Hospital, Edathua

### ERNAKULAM

San Joe Hospital, Perumbavoor
St. Joseph Hospital, Darmagiri, Kothamangalam
Mar Baselious Medical Mission, Kothamangalam
Malangara M.M. Hospital (MOSC), Kollenchery
Samaritan Hospital, Kizakabalam, Aluva
Little Flower Hospital, Angamaly
Mar Augustine Jubilee Mission Hospital, Edappaly
Lisie Hospital, Cochin
Lourdes Hospital, Cochin
Medical Trust Hospital, M.G. Road, Cochin
Devamatha Hospital, Koothatukulam
Carmel Hospital, Asokapuram, Aluva
PVS Memorial Hospital Ltd, Kaloor, Cochin
Sree Sudheendra Medical Mission, Ernamkulam
Indira Gandhi Co-operative Hospital, Kadavanthra
Ernamkulam Medical Centre, Palarivattam, Cochin
Gautham Hospital, Cochin
Mar Augustine Golden Jubilee Hospital, Mookkannur
DonBosco Hospital, North Paruvur
Koothatukulam Co-op Hospital Ltd, Ernamkulam
Amritha Institute of Medical Science, Cochin
Cochin Port Trust Hospital, Willington Island Cochin

### IDUKKI

Holy Family Hospital, Muthalakodam, Thodupuzha
Bhisop Vayalil Medical Centre, Moolamattom, Idukki
Morning Star School of Nursing, Adimali
Karuna Hospital, Nedumkandam

### KANNUR

AKG Memorial Co-operative Hospital, Talap
Koyili Hospital, Kannur
St. Martin Deporres Hospital, Cherukunnu, Kannur
Tellicherry Co-operative Hospital, Tellichery-1
Josgiri Hospital, Tellicherry
Ashirvad Hospital, Kannur-2

### KASARGOD

Malik Deenar Charitable Hospital, Kasargod
Fathima Hospital, Kasargod-1
Manzoor Hospital, North Kottacherry, Kanhangad

### KOLLAM

Upasana Hospital, Kollam
Benziger Hospital, Beach Rd, Kollam
S.S.M Hospital, Kollam
Holy Cross Hospital, Kottiyam, Kollam
Dr. Nair's Hopsital, Asramam, Kollam
St. Joseph Hospitsl, Anchal, Kollam
K.N.S Hospital, Kottarakkara
Mercy Hospital, Valakom, Kottarakkara
Loka Rakshaka Hospital, Thevalakara

### KOZHIKODE

PVS Hospital Railway Station Road, Kozhikode
Nirmala Hospital, Marikunnu, Calicut
Janatha Hospital, Badagara
National Hospital, Kozhikode
Baby Memorial Hospital, Kozhikode
Santhi Hospital Trust, P O Omassery, Koduvally
Fathima Hospital, Bank Road, Calicut

### KOTTAYAM

St.Thomas Hospital, Chethipuzha, Changanessery
Mary Queen's Hospital, Palampra Kanjirapilly
Marian Medical Centre, Arunapuram, Pala, Kottayam
IHM Hospital, Bharananganam, Kottayam
M.G.D.M Hospital, Devagiri P O, Kottayam
St. Mary's Hospital, Mannarcaud
Mandiram Hospital, Manganam P O, Kottayam
Caritas Hospital, Thellakom P O, Kottayam
Holy Ghost Mission Hospital, Muttuchira, Kottayam
SH Medical Centre, Nagambadam, Kottayam
NSS Medical Mission Hospital, Karukachal
NSS Medical Mission Hospital, Changanasery
Mercy Hospital, Santhigiri, Pothy, Thalayolaparambu
St. Rita's Hospital, Nalukody, Changanacherry.

### MALAPURAM

KMH Memorial Hospital, East Road, Manjeri
Moulana Hospital, Ooty Road, Perinthalmana
KPM Hospital, Down Hill, Malapuram
Al-Shifa Hospital, Valiyangadi, Perinthalmana
PMSA Dist. Co-operative Hospital, Malapuram
MS Hospital, Down Hill, Malapuram

### PALAKKAD

N.KM. Memorial School of Nursing, Valanchery.
Assumption Hospital, Kanhirapuzha, Palakad
Deenabandhu Hospital, Thachampara, Palakad

### PATHANAMTHITTA

NSS Medical Misssion Hospital, Pandalam
Pushpagiri Hospital, Thiruvilla
St.Gregorious Mission Hospital, Parumala PO
Muthoot Medical Centre, Kozhencherry
Menamthottam Hospital, Angadi Po, Ranni
Ranni Marthoma Medical Mission Centre, Ranni
Holy Cross Hopsital, Adoor

### THRISSUR

Lal Memorial Hospital, Madayikonam, Irinjalakuda
Sacred Heart Hospital P O Pullur, Irinjalakuda
Bishop Alappat Hospital P O Kattoor, Karanchira.
Jubilee Mission Hospital, Thrissur
Elite Mission Hospital, Koorkenchery, Thrissur
Amala Cancer Hospital, Puzhakal, Thrissur
St. Joseph Hospital, Choondal, Thrissur
St. James Hospital, Chalakudi, Thrissur
Maria Teresa Hospital, Kuzhikkattussery, Thrissur
West Fort, Thrissur
Unity Hospital Pvt (Ltd), Kunnamkulam, Kanippayur
San Jos Parish Hospital, Pavaratty, Thrissur
Meteropolitan Hospital, Thrissur
Mary Immaculate Hospital, Engadiyur, Thrissur.
Mother Hospital, Pulazhy, Kolari P O, Thrissur
Thrissur District Co-operative Hospital, Thrissur
Divine Medical Centre, Wadakachery
St. Vincent De Paul Hospital, Ollur

### THIRUVANANTHAPURAM

Cosmopolotan Hospital, Murinjapalam, Pattom
SRK Asramam Charitable Hospital, Sasthamangalam
Sree Narayana Medical Mission Hospital, Varkala
G.G Hospital Thiruvananthapuram
Sree Uthradam Thirunal Hospital, Trivandrum.
Jubilee Memorial Hospital, Palayam
Somervell Memorial Misssion Hospital, Karakonam
PNM hospital, Kattakada
Karete Medical Centre (p) Ltd, Vamanapuram

### WAYANAD

Fathimamatha Mission Hospital, Kalpatta, Wayanad

### GOVT. NURSING INSTITUTIONS

College of Nursing, Medical P O, Trivandrum
College of Nursing, Medical College, Kozhikode
College of Nursing, Kottayam
Govt. School of Nursing, Thiruvananthapuram
Govt. School of Nursing, District Hospital, Kollam
Govt. School of Nursing, Alapuzha
Govt. School of Nursing, Kottayam
Govt. School of Nursing, Gen. Hospital, Cochin.
Govt. School of Nursing, Thrissur
Govt. School of Nursing, Palakad
Govt. School of Nursing, Dist. Hospital, Kozhikode
Govt. School of Nursing, District Hospital, Kannur

## KARNATAKA

Akkamahedevi Nursing School, Bidar
Amruth Edu. and Cultural Society, Banglore-27
BLDE Asson School of Nursing, Bijapur
Banglore Baptist Hospital, Bangalore
Bapuji Hospital School of Nursing, Davangere
Basappa Memorial Hospital, Mysore
CSI Hospital, Queens Road, Banglore-51
CSI Hospital, Udupi -576 101
CSI Hospital School of Nursing, Kolar
Chinmaya Mission Hospital Indira Nagar, Banglore
East West School of Nursing, Bangalore-560010
Fr. Mullers Hospital,Udupi, Manglore-576 101
Govt. Nursing District Hospital, Gulbarga
Govt. Nursing School District Hospital, Bellary
HKE Society School of Nursing, Gulbarga-585105
Holds Worth M. H. School of Nursing, Mysore
City Hospital, PoundGarden, Khadri, Manglore
JG Cooperative Hospital, Belgaum

(Con ......... page 8)

RNI No. 68089 / 97
2006 June 16

THE DEFENDER

REGISTERED
KL/ALY/0031/2006-08

# അംഗീകാരമുള്ള നെഴ്സിംഗ് കോളേജുകൾ ...............

JSS Hospital School of Nursing, Mysore-570 004
KHI Hospital School of Nursing, Belgaum
KLE Society Hospital School of Nursing, Belgaum
KMC Hospital School of Nursing, Manipal
KVG Hospital, Sullia
Kempegowda School of Nursing, Banglore
Khaja Bande Nawj School of Nursing, Gulbarga
Krishna Rajendra Hospital, Mysore
Krupanldhi Education Trust, Banglore
MVJ Nursing School, Banglore-67
Manipal Hospital School of Nursing, Banglore
Ambedkar Medical College, Banglore-560 045
Navodya Vidya Samasthe, Raichur
Nightingle Institute of Nursing, Hubli
NITTE Education Trust, Khadri, Manglore
Pavan School of Nursing, Kolar-563 101
SCVDS Nursing School, Mysore-570 004
Sambhram Institute of Nursing, Kolar-563 115
Sarvodaya Nursing School, J.C Nagar, Banglore
Siddartha Education Society, Tumkur- 572 102
Sri. Adichunchangiri Eduation trust, Nagamangala
Sri Dev Raj Urs. School of Nursing, Tamaka, Kolar.
Sri J. Murugarajendra Vidyapeeta, Chitradurga
Sri Raghavendra Nursing School, Bangalore-57
Sridevi Education Society, Tumkur 572 101

St. John's Medical College Hospital, Banglore-34
St. Marha's Hospital School of Nursing, Bangalore
Mother Theresia Hospital, Bangalore.
St. Philomina's Hospital, Bangalore.
Suvarna Institute of Education, Orgaum 563 115
S. Vivekananda Education Trust, Bangalore-49
Unity Health Com. School of Nursing, Chitradurga
Unity Health Com. School of Nursing, Manglore
Victoria Hospital School of Nursing, Bangalore
Vijayanagar Nursing School, Bangalore
K. P. Ballal Institute of Nursing School, Kadri.

## TAMILNADU

Appolo Hospital, Chennai
CSI Hospital, Neyyoor
CSI Kalyani General Hospital, Chennai
CSI Mission Hospital, Woraiyur, Tirchy
CSI Rainy Hospital, Chennai
Catherine Booth Hospital, Nagarcoil
Cheran School of Nursing, Coimbatore
Child Joseph Hospital, Trichy
Christian Fellowship Hospital, Oddanch, Artan
Christian Medical College Hospital, Vellore
Christian Mission Hospital, Madurai
Coimbatore Medical College Hospital, Coimbatore
Devaki Hospital, Chennai
Kuppuswamy N. Memorial Hospital, Coimbatore
JPKM College of Medical Sciences, Vellore
KG Hospital, Coimbatore
RVS Institute of Paramedical Sciences, Coimbatore
Saveetha Medical & Educational Trust, Erode
Scudder Memorial Hospital, Ranipet
Sacred Heart Hospital, Tuticorin
Sree Ramachandra Medical College, Chennai
St. Isabel's Hospital, Chennai
St. Joseph's Hospital, Dindigul
St. Mary's Hospital & Institution, Arni
St. Theresa of Child Jesus School, Chennai
Thanjavur Medical College Hospital, Thanjavur
UCA Medical & Educational Trust, Chennai
Ultra Trust Sacred Heart Hospital, Madurai
Vinayaka Mission's School of Nursing, Salem
Vivekanada School of Nursing, Tiruchengodu
Vivekanada College of Nursing, Salem

## MATRIMONIAL

Christian parents settled in Canada invite proposals for their daughter 26, 5' 7" (Canadian Citizen) born and brought up in Dubai. She is good looking, B.Sc. Hons and doing higher studies in Health Science along with part-time job. Seeking marriage proposals from parents of qualified professionals.

**Please contact:**
**Email - titgeorge@yahoo.ca**
**Ph: 416-261-4183, +9714-3368683, 9847863818**

വില: ഓരോ സി.ഡിക്കും 100 രൂപ വീതം
10 സി.ഡി. അടങ്ങുന്ന ഒരു സെറ്റിന് – 900 രൂപ

Printed, Published and Owned by Anish Balan, Anand Bhavan, Perumbavoor P.O., Printed at: Perumbavoor Printers. Published at Anand Bhavan Perumbavoor. Editor: Anish Balan